**പതിനഞ്ചാം കേരള നിയമസഭ**

# ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി
# (2023-2026)

**ആറാമത് റിപ്പോർട്ട്**

(2025 മാർച്ച് 25- ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(2023 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2025

പതിനഞ്ചാം കേരള നിയമസഭ

# ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി
# (2023-2026)

**ആറാമത് റിപ്പോർട്ട്**

(2025 മാർച്ച് 25- ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(2023 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്)**

ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | - | |
| അവതാരിക | - | |
| റിപ്പോർട്ട് | - | |
| <u>അനുബന്ധം :</u> | - | |
| (I)(എ) സമിതി റിപ്പോർട്ട് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം. | - | 50 |
| (II) (ബി) സമിതി യോഗങ്ങളിൽ ഹാജരായ അംഗങ്ങളും പരിഗണിച്ച വിഷയങ്ങളും | - | 51 |
| (III) (സി) സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം | - | 56 |
| (IV) (ഡി) സർക്കാരിലേയ്ക്ക് അയച്ച പരാതികൾ സർക്കാരിൽ നിന്നും റിപ്പോർട്ട്/അധികവിവരം ആരാഞ്ഞത് സംബന്ധിച്ച വിവരങ്ങൾ | - | 57 |
| (V) 2023-24 വർഷം നടപടി അവസാനിപ്പിച്ച ഫയലുകളുടെ പട്ടിക | - | 99 |

## ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി
(2023-2026)

### ഘടന

**അദ്ധ്യക്ഷൻ** :

ശ്രീ. മാത്യു ടി. തോമസ്

**അംഗങ്ങൾ:**

ശ്രീ. പി. വി. അൻവർ[1]

ശ്രീ. യു. ആർ. പ്രദീപ് [2]

ശ്രീ. ചാണ്ടി ഉമ്മൻ

ശ്രീ. വി. ജോയി

ശ്രീ. സി. സി. മുകുന്ദൻ

ശ്രീ. നജീബ് കാന്തപുരം

ശ്രീ. എ. പ്രഭാകരൻ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ടി. സിദ്ദിഖ്

**നിയമസഭാ സെക്രട്ടേറിയറ്റ്**

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പുഷ്പാംഗദൻ റ്റി., അണ്ടർ സെക്രട്ടറി

---

1 ബുള്ളറ്റിൻ ഭാഗം - II നം. 588 2025 ജനുവരി 13 പ്രകാരം അന്നേദിവസം മുതൽ രാജിവച്ചിരിക്കുന്നു.

2 ബുള്ളറ്റിൻ ഭാഗം - II നം. 611 2025 ഫെബ്രുവരി 24 പ്രകാരം അന്നേദിവസം മുതൽ സമിതി അംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

## ആമുഖം

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി(2023-2026)യുടെ അധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2023 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച റിപ്പോർട്ടുകളും അതിന്മേലുള്ള സമിതിയുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്

2025 മാർച്ച് 24-ാം തീയതി ചേർന്ന സമിതി യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

മാത്യു ടി. തോമസ്,
അധ്യക്ഷൻ,
ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി

തിരുവനന്തപുരം
2025 മാർച്ച് 25

# റിപ്പോർട്ട്

ഔദ്യോഗിക തലത്തിൽ ഭരണഭാഷ മലയാളമാക്കിയതിന്റെ പുരോഗതി വിലയിരുത്തുന്നതിനും വിവിധ വകുപ്പുകളിൽ ഭാഷാപ്രയോഗം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി 2003 ഫെബ്രുവരി 18 ന് കേരള നിയമസഭയുടെ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി രൂപീകൃതമായി. മലയാളം ഔദ്യോഗികഭാഷയായി ഉപയോഗിക്കുന്നതിലുള്ള പുരോഗതി വിലയിരുത്തുക, വിവിധ സർക്കാർ വകുപ്പുകളിൽ ഔദ്യോഗികഭാഷാ നയം നടപ്പിലാക്കുന്നതിനായുള്ള നടപടി പരിശോധിക്കുക, മലയാളം ഭരണഭാഷയാക്കുന്നതിലുള്ള പ്രതിബന്ധങ്ങൾ തിരിച്ചറിഞ്ഞ് അവ തരണം ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയവയാണ് ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ പ്രധാന കർത്തവ്യങ്ങൾ. കൂടാതെ മലയാളമല്ലാത്ത ഭാഷ ഉപയോഗിക്കുന്നത് നിമിത്തമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പൊതുസ്ഥാപനങ്ങളിൽ നിന്നും വ്യക്തികൾ, പ്രസ്ഥാനങ്ങൾ എന്നിവയിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരിൽ നിന്നും വിശദീകരണമോ റിപ്പോർട്ടോ തേടുക എന്നതും സമിതിയുടെ ചുമതലയിൽപ്പെടുന്നു.

2003 മുതൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ സമിതി നടത്തിയതിന്റെ ഭാഗമായി ഭരണഭാഷ മലയാളമാക്കി മാറ്റുന്നതിന് വളരെയേറെ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

15-ാം കേരള നിയമസഭയുടെ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2023-2026) 2023 ഡിസംബർ 15-ാം തീയതി രൂപീകരിക്കപ്പെട്ടു. 2023 ജനുവരി 1-ാം തീയതി മുതൽ 2024 ഡിസംബർ 31-ാം തീയതി വരെയുള്ള കാലയളവിൽ പ്രസ്തുത സമിതി പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ സമിതി 18 യോഗങ്ങൾ ചേരുകയുണ്ടായി. സമിതിയുടെ റിപ്പോർട്ടുകളിന്മേൽ സമിതിയുടെ പരിഗണനയിലുള്ള വിവിധ വിഷയങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമാക്കിയ

മറുപടികൾ പരിഗണിക്കുകയും അംഗീകരിക്കുകയും അധികവിവരങ്ങൾ ആരായുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച പ്രധാന വിഷയങ്ങളും സർക്കാർ മറുപടികളും ചുവടെ ചേർക്കുന്നു. കൂടാതെ പ്രസ്തുത കാലയളവിൽ നടപടി അവസാനിപ്പിച്ച ഫയലുകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായും ചേർക്കുന്നു.

1. <u>ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23) - വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഐക്യമലയാള പ്രസ്ഥാനം സെക്രട്ടറി ശ്രീ. ഹരിദാസൻ സമർപ്പിച്ച ഹർജി സംബന്ധിച്ച്.</u>

(ഫയൽ നം.1307/ഔ.ഭാ.സ 1/2017/ലെജി.)

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി മുൻപാകെ ഐക്യമലയാള പ്രസ്ഥാനം സെക്രട്ടറി ശ്രീ. ഹരിദാസൻ 13.03.2017-ൽ സമർപ്പിച്ച ഹർജിയിലെ, മാതൃഭാഷയുടെ വ്യാപനത്തിനും പോഷണത്തിനുമായി 2015 ഡിസംബർ 17-ന് കേരള നിയമസഭ പാസ്സാക്കിയ മലയാളഭാഷാ ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തോടെ പാസ്സാക്കുവാൻ ഔദ്യോഗികഭാഷാ സമിതി നേതൃത്വം നൽകുക എന്ന ഹർജി ആവശ്യത്തിന്മേൽ, 2015-ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബില്ലിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം ഇതുവരെയും ലഭിച്ചതായി അറിയിപ്പ് ലഭിച്ചിട്ടില്ലെന്നും ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ആയത് സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതുമാണെന്നും 21.02.2018-ലെ 3026/ലെഗ്.ബി1/18/നിയമം നമ്പർ കത്ത് മുഖേന നിയമ (നിയമനിർമ്മാണം-ബി) വകുപ്പ് അറിയിച്ചിരുന്നത് 23.05.2018-ലെ യോഗം അംഗീകരിക്കുകയും വിവരം ഹർജിക്കാരനെ അറിയിക്കുകയും ചെയ്തിരുന്നു.

2015-ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബിൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ ടി വിഷയത്തിൽ ഇടപെടുന്നതിൽ നിയമസഭാ സമിതിക്ക് പരിമിതിയുണ്ട് എന്നും ആയതിനാൽ

ഇതുമായി ബന്ധപ്പെട്ട് നിയമവകുപ്പ് ഇതുവരെ സ്വീകരിച്ച നടപടി, ആയതിന്റെ നിലവിലെ സ്ഥിതി, തുടർന്ന് സ്വീകരിക്കാൻ പോകുന്ന നടപടികൾ എന്നിവയുടെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കാൻ 10.08.2022-ലെ സമിതിയോഗം ആവശ്യപ്പെട്ടിരുന്നു.

പ്രസ്തുത ഹർജിയിന്മേൽ 04.01.2023-ലെ ലെഗ്-ബി1/96/2022-നിയമം നമ്പർ കത്ത് മുഖേന നിയമ (നിയമനിർമ്മാണ - ബി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ 2015-ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബിൽ, പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിൽ 2015 ഡിസംബർ 17-ാം തീയതിയിൽ സഭ പാസ്സാക്കുകയും, ഭാരതത്തിന്റെ ഭരണഘടനയുടെ 254(2)-ാം അനുച്ഛേദമനുസരിച്ച് ബഹു. രാഷ്ട്രപതിയുടെ അംഗീകാരം നേടുന്നതിനായി 19.02.2016-ലെ ജി.എസ്സ്-5-968/2016-ാം നമ്പർ കത്തുപ്രകാരം പ്രസ്തുത ബിൽ ഗവർണ്ണറുടെ സെക്രട്ടേറിയറ്റിൽ നിന്നും കേന്ദ്രസർക്കാരിലെ ആഭ്യന്തര മന്ത്രാലയത്തിന് അയയ്ക്കുകയും ചെയ്തിരുന്നുവെന്നും, കേന്ദ്ര ആഭ്യന്തര മന്ത്രാലയം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ (സ്കൂൾ വിദ്യാഭ്യാസവും സാക്ഷരതയും വകുപ്പ്) മെമ്മോറാണ്ടത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 2015-ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പിൻവലിക്കുന്നതിനും പ്രസ്തുത നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പുതിയ ബിൽ സമർപ്പിക്കുന്നതിനും സംസ്ഥാന ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിരുന്നുവെന്നും 2015-ലെ ബിൽ പിൻവലിച്ച് പുതുക്കിയ ബിൽ ലഭ്യമാക്കാനാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളതെന്നതിനാൽ സഭ വീണ്ടും ബിൽ പരിഗണിക്കുന്നതിന് ബഹു. രാഷ്ട്രപതി, ഭരണഘടനയുടെ 200-ാം അനുച്ഛേദത്തിന്റെ ഒന്നാം പരിമിതി വ്യവസ്ഥ പ്രകാരം സഭയോ സഭകളോ ആ ബില്ലിനെയോ അതിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വ്യവസ്ഥകളെയോ വീണ്ടും പരിഗണിക്കണമെന്നുള്ള ഒരു സന്ദേശത്തോടുകൂടി, ഭരണഘടനയുടെ 201-ാം അനുച്ഛേദ പ്രകാരം ആ ബിൽ തിരിച്ചയയ്ക്കുന്നതിന് ബഹു. ഗവർണ്ണറോട് നിർദ്ദേശിച്ച് ബിൽ മടക്കി നൽകേണ്ടതുണ്ടെന്നും പ്രസ്തുത വിവരം കേന്ദ്ര ആഭ്യന്തര മന്ത്രാലയം

ജോയിന്റ് സെക്രട്ടറിയെ കത്ത് മുഖാന്തരം അറിയിച്ചിട്ടുള്ളതാണെന്നും തുടർന്ന്; ഭരണഘടനയുടെ 201-ാം അനുച്ഛേദപ്രകാരം ബിൽ തിരിച്ചയച്ചതിനുശേഷമേ ബിൽ പിൻവലിക്കുന്നത് സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നും അറിയിച്ചിരുന്നു.

പ്രസ്തുത മറുപടി 09.05.2023-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. കൂടാതെ 2015-ലെ മലയാളഭാഷ (വ്യാപനവും പരിപോഷണവും) ബില്ലിന്റെ നിലവിലെ സ്ഥിതി വിവരം വകുപ്പിനോട് ആരായാനും തീരുമാനിച്ചു.

2. <u>2017 മെയ് 1-ന് ശേഷം ഇംഗ്ലീഷിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന 04.09.2019-ലെ യോഗ നിർദ്ദേശം - ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്.</u>

(ഫയൽ നമ്പർ 364/ഔ.ഭാ.സ.1/2020/ലെജി.)

പ്രസ്തുത വിഷയത്തിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച 10.08.2022-ലെ സമിതിയോഗം കേന്ദ്രത്തിന്റെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ടിന്റെ മലയാള പരിഭാഷ നിലവിൽ വന്നിട്ടുണ്ടോ എന്നും ആയത് വന്നിട്ടില്ലായെങ്കിൽ നിർബന്ധമായും പ്രസ്തുത ആക്ട് പരിഭാഷപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിയമ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് നിയമ വകുപ്പ് 21.12.2022-ലെ AD-1(3)/242/2022-LAW നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ കേന്ദ്ര ഔദ്യോഗികഭാഷാ വിഭാഗം മുൻഗണനാപ്പട്ടികയിൽ ഉൾപ്പെടുത്തി അയച്ചുതന്ന 'കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട്, 2019' ഔദ്യോഗികഭാഷാ (നിയമനിർമ്മാണ) കമ്മീഷൻ മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുള്ളതും ആയത് കേന്ദ്ര ഔദ്യോഗികഭാഷാ വിഭാഗത്തിന്റെ അംഗീകാരത്തിനായി അയച്ച് കൊടുത്തിട്ടുള്ളതുമാണ്. പ്രസ്തുത പരിഭാഷ വർക്കിംഗ് ഗ്രൂപ്പിന്റെ അടുത്ത യോഗത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കേന്ദ്ര ഔദ്യോഗികഭാഷാ വിഭാഗം അറിയിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ച ശേഷം പ്രസ്തുത മലയാള

പരിഭാഷ ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതും അംഗീകാരം ലഭിച്ച ശേഷം ടി ആക്ടിന്റെ മലയാളത്തിലുള്ള ആധികാരിക പാഠമായി ഭാരത ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതുമാണെന്ന് അറിയിച്ചിരുന്നു.

പ്രസ്തുത മറുപടി 09.05.2023 ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും 'കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്ട് 2019'-ന്റെ മലയാള പരിഭാഷയ്ക്ക് കേന്ദ്ര ഔദ്യോഗികഭാഷാ വിഭാഗത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും/ അംഗീകാരം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വകുപ്പിനോട് ആരായുവാൻ തീരുമാനിക്കുകയും ചെയ്തു.

3. <u>ഔദ്യോഗികഭാഷാ സംബന്ധിച്ച സമിതി - (2011-14)യുടെ ഒന്നാമത് റിപ്പോർട്ട് - തുടർനടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്.</u>

(ഫയൽ നം. 3146/ഔ.ഭാ.സ 1/2012/ലെജി.)

സമിതി (2011-14)യുടെ ഒന്നാമത് റിപ്പോർട്ടിലെ 17, 20, 27 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ഉദ്യോഗസ്ഥഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് ഒ.എൽ.4/44/2022/പി. & എ.ആർ.ഡി. തീയതി 27.10.2022, ഒ.എൽ.4/57/2022/പി. & എ.ആർ.ഡി. തീയതി 28.11.2022, ഒ.എൽ.4/55/2022/പി. & എ.ആർ.ഡി. തീയതി 30.11.2022 എന്നീ കത്തുകൾ മുഖേന ലഭ്യമാക്കിയ റിപ്പോർട്ടുകൾ ചുവടെ ചേർക്കുന്നു.

**<u>ശിപാർശ</u>**

ഓരോ ജില്ലകളിലെയും ജില്ലാ പഞ്ചായത്തിൽ നിന്ന് രണ്ടോ മൂന്നോ ജനപ്രതിനിധികളെ കൂടി അനൗദ്യോഗികാംഗങ്ങളായി ജില്ലാതല ഔദ്യോഗികഭാഷാ സമിതികളിൽ ഉൾപ്പെടുത്തണം.

(ഖണ്ഡിക നം. 17)

## സ്വീകരിച്ച നടപടി

സംസ്ഥാനത്തിന്റെ ഭരണഭാഷ പൂർണ്ണമായും മാതൃഭാഷയായ മലയാളത്തിൽ ആയിരിക്കണമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സർക്കാർ ബഹു മുഖ്യമന്ത്രി അധ്യക്ഷനായ ഔദ്യോഗികഭാഷാ ഉന്നതല സമിതിയും, ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാന ഔദ്യോഗികഭാഷാ സമിതിയും, വകുപ്പുതലവൻ അധ്യക്ഷനായി വകുപ്പുതല ഏകോപന സമിതി എന്നിവയും രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല ഏകോപന സമിതികൾ രൂപീകരിച്ച് ജി.ഒ. (എം.എസ്) നം.3/2017/പി&എ.ആർ.ഡി. തീയതി 23.01.2017 പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലാതല ഔദ്യോഗികഭാഷ ഏകോപനസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സ്ഥലം എം.എൽ.എ., ജില്ലാ പഞ്ചായത്തിലെ രണ്ട് പ്രതിനിധികൾ, ഔദ്യോഗികഭാഷാ വകുപ്പിന്റെ പ്രതിനിധി എന്നിവരെ കൂടി ഉൾപ്പെടുത്തി ജില്ലാതല ഔദ്യോഗികഭാഷ ഏകോപനസമിതി പുന:സംഘടിപ്പിച്ച് 14.02.2018-ലെ ജി.ഒ.(ആർ.റ്റി) നം.78/ 2018/പി&എ.ആർ.ഡി. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് 09.05.2023-ലെ യോഗത്തിൽ പരിഗണിച്ച സമിതി, വകുപ്പ് ലഭ്യമാക്കിയിട്ടുള്ള മറുപടിയിലും സർക്കാർ ഉത്തരവിലും പരാമർശിച്ചിട്ടുള്ള ഔദ്യോഗികഭാഷ ജില്ലാതല ഏകോപന സമിതിയിൽ അംഗമാകുന്ന സ്ഥലം എം.എൽ.എ. എന്ന പരാമർശത്തിൽ സ്ഥലത്തെ ഏത് എം.എൽ.എ. എന്ന കാര്യത്തിൽ വ്യക്തത വരുത്തി റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

സമിതി നിർദേശത്തിന്മേൽ ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷാ) വകുപ്പ് 27.01.2024 തീയതിയായ ഒ.എൽ 2/215/2023/പി&എ.ആർ.ഡി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ജില്ലാ ആസ്ഥാനമായ കളക്ടറേറ്റ് സ്ഥിതിചെയ്യുന്ന സ്ഥലത്തെ പ്രധിനിധാനം ചെയ്യുന്ന എം.എൽ.എ.യാണ് ഔദ്യോഗികഭാഷ ജില്ലാതല ഏകോപന സമിതിയിൽ പങ്കെടുക്കേണ്ട സ്ഥലം എം.എൽ.എ. എന്ന്

വ്യക്തത വരുത്തി 06.01.2024-ലെ ജി.ഒ(എം.എസ്)നം.1/2024/പി&എ.ആർ.ഡി. ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് 23.05.2024-ൽ പരിഗണിച്ച സമിതി റിപ്പോർട്ട് അംഗീകരിച്ചു.

**ശിപാർശ**

എഴുത്തുഭാഷ, സംസാരഭാഷ, അച്ചടിഭാഷ എന്നിങ്ങനെ വ്യത്യസ്തമായ രീതികളിൽ ഭാഷ ഉപയോഗിക്കുന്നത് പുതുതലമുറയോട് ചെയ്യുന്ന അപരാധമാണ്. അതിനാൽ ഭാഷയ്ക്കും ലിപിക്കും ഒരു ഐകരൂപ്യം ഉണ്ടാകണം.

(ഖണ്ഡിക നം. 20)

**സ്വീകരിച്ച നടപടി**

എഴുത്തുഭാഷ, സംസാരഭാഷ, അച്ചടിഭാഷ എന്നിങ്ങനെ വ്യത്യസ്തമായ രീതികളിൽ ഭാഷ ഉപയോഗിക്കുന്നത് ഒഴിവാക്കി ഒരു ഐകരൂപ്യം ഉണ്ടാക്കേണ്ടത് അനിവാര്യമായതിനാൽ 1971-ലെ ലിപിപരിഷ്കരണ ഉത്തരവ് പുന:പരിശോധിച്ച്, മലയാള ഭാഷയിൽ പുതിയ വാക്കുകൾ കണ്ടെത്തി അംഗീകരിക്കുന്നതിനുമായി 30.10.2021-ലെ ജി.ഒ.(ആർ.ടി.) നം.169/2021/പി.& എ.ആർ.ഡി. പ്രകാരം 11 അംഗ ഭാഷാ മാർഗനിർദ്ദേശക വിദഗ്ധ സമിതി രൂപവൽക്കരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഉന്നതതലസമിതി അംഗീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 09.05.2022-ലെ ജി.ഒ.(പി) നം. 4/2022/പി&എ.ആർ.ഡി. പ്രകാരം ലിപി പരിഷ്കരണം നടത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് 09.05.2023-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

**ശിപാർശ**

വകുപ്പുകളിലെ കോഡുകളും മാന്വലുകളും ഫോറങ്ങളും മറ്റും പരിഭാഷപ്പെടുത്തുന്നതിനായി നിയോഗിക്കപ്പെടുന്ന പരിഭാഷകരുടെ പ്രതിഫല തുക

വളരെ തുച്ഛമാണ്. ആയതിനാൽ, പരിഭാഷകരുടെ പ്രതിഫലം വർദ്ധിപ്പിക്കണം, കൂടാതെ ബന്ധപ്പെട്ട വകുപ്പ് മേധാവിക്കുതന്നെ വൈദഗ്ധ്യമുള്ള പരിഭാഷകരെ നിയമിക്കാനുള്ള അധികാരം നൽകണം.

(ഖണ്ഡിക നം. 27)

**സ്വീകരിച്ച നടപടി**

ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്യുന്നതിനുള്ള പ്രതിഫലം പുതുക്കി നിശ്ചയിച്ചുകൊണ്ട് 03.04.2013-ലെ ജി.ഒ.(പി) നം.120/2013/പി&എ.ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓരോ വകുപ്പിനെയും സംബന്ധിച്ച കോഡുകൾ, മാന്വലുകൾ, ചട്ടങ്ങൾ, ഫോറങ്ങൾ തുടങ്ങിയവയുടെ തർജമ അതതുവകുപ്പിൽ തന്നെ നിർവഹിക്കുന്നതിന് ഭാഷാപരിജ്ഞാനവും വിവർത്തനത്തിന് കഴിവുമുള്ള രണ്ടോ മൂന്നോ ഉയർന്ന ഉദ്യോഗസ്ഥൻമാരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഓരോ വകുപ്പ് മേധാവിയുടെ ഓഫീസിലും ഒരു സെൽ രൂപവൽക്കരിക്കാൻ 1983 ജൂലൈ 4-ലെ നം.7292/ഒ.എൽ.1/83/പി&എ.ആർ.ഡി. സർക്കുലർ പ്രകാരവും ഉത്തരവായിട്ടുണ്ട്. ഇപ്രകാരം രൂപപ്പെടുത്തുന്ന പരിഭാഷാസെൽ ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഓഫീസറുടെ നേതൃത്വത്തിൽ ആയിരിക്കണമെന്നും, അതിൽ മൂന്നിൽ കുറയാത്ത അംഗങ്ങളുണ്ടായിരിക്കണമെന്നും 16.07.2003-ലെ ജി.ഒ.(എം.എസ്.) നം.19/ 2003/പി.&എ.ആർ.ഡി. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല എന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 07.05.2014-ലെ നം.8521/ഔ.ഭാ.3/14/പി&ഉ.ഭ.പ.വ, 09.06.2015-ലെ നം.8125/ഔ.ഭാ.3/15/പി.&ഉ.ഭ.പ.വ എന്നീ സർക്കുലറുകൾ പ്രകാരം പരിഭാഷസെൽ രൂപീകരിക്കുന്നതിന് വീണ്ടും നിർദ്ദേശം നൽകിയിട്ടുണ്ട് എന്ന വിവരം അറിയിക്കുന്നു.

പ്രസ്തുത റിപ്പോർട്ട് 09.05.2023-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. <u>ജില്ലാതല ഔദ്യോഗിക ഭാഷാ സമിതികളുടെ പ്രവർത്തനം - വിവിധ വകുപ്പുകൾ ലഭ്യമാക്കിയ മറുപടി പരിഗണിക്കുന്നത് സംബന്ധിച്ച്:</u>

(ഫയൽ നം.587/ഔ.ഭാ.സ 2/2015/ലെജി.)

ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പിന്റെ 12.12.2014 ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ 42/2014/ഉ. ഭ. പ. വ. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ വകുപ്പുകളിലും ഔദ്യോഗികഭാഷാ വകുപ്പുതല ഏകോപന സമിതികളും ജില്ലാതല ഔദ്യോഗികഭാഷാ സമിതികളും രൂപീകരിച്ചിട്ടുണ്ടോയെന്നും അവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്നുമുള്ള വിവരങ്ങൾ വകുപ്പുകളോട് ആരായുവാൻ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2014-16)യുടെ 05.02.2015-ലെ യോഗം നിർദ്ദേശിച്ചിരുന്നു.

സമിതിയുടെ പ്രസ്തുത നിർദേശത്തിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1. വ്യവസായ (പി.എസ്.) വകുപ്പ് 22.01.2024 ലെ 06/പി.എസ്./2020/വ്യവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ സംസ്ഥാനത്തിന്റെ ഭരണഭാഷ പൂർണ്ണമായും മാതൃഭാഷയായ മലയാളത്തിലായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. മലയാളം പൂർണ്ണമായും ഭരണഭാഷയാക്കുന്നത് സംബന്ധിച്ച ഭാഷാമാറ്റ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും, പുരോഗതി അവലോകനം ചെയ്യുന്നതിനുമായി വകുപ്പുതല മേധാവി അധ്യക്ഷനായി ഔദ്യോഗികഭാഷ സംബന്ധിച്ച വകുപ്പുതല ഏകോപന സമിതിയും വകുപ്പിലെ ജില്ലാതല മേധാവി അധ്യക്ഷനായി ജില്ലാതല ഔദ്യോഗിക ഭാഷാ സമിതിയും രൂപീകരിച്ച് ജി.ഒ (എം.എസ്) 42/14/ഉപഭവ തീയതി 12.12.2014 ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ജില്ലാതല മേധാവി വ്യവസായ വകുപ്പിനു കീഴിലുള്ള വ്യവസായ വാണിജ്യ വകപ്പിലും, മൈനിംഗ് & ജിയോളജി വകുപ്പിലും, കയർ വികസന വകുപ്പിലും വകുപ്പുതല ഏകോപന സമിതികളും, ജില്ലാതല ഔദ്യോഗിക

സമിതികളും രൂപീകരിച്ചിട്ടുള്ളതും, അവയുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്. ജില്ലാ ഓഫീസുകളില്ലാത്ത കൈത്തറി & ടെക്സ്റ്റൈൽസ് വകുപ്പിൽ വകുപ്പുതല ഏകോപന സമിതി രൂപീകരിച്ചിട്ടുള്ളതുമാണ്. ടി ഔദ്യോഗിക ഭാഷാ സമിതികൾ നിശ്ചിത കാലയളവുകളിൽ, അവലോകന യോഗം ചേർന്ന് ഭാഷാപുരോഗതി വിലയിരുത്തി വരുന്നു എന്നറിയിച്ചിരിക്കുന്നു.

പ്രസ്തുത റിപ്പോർട്ട് 23.07.2024 ലെ യോഗത്തിൽ പരിഗണിച്ച സമിതി വകുപ്പിന് കീഴിലുള്ള വിവിധ ഓഫീസുകളിൽ ഔദ്യോഗികഭാഷാ വകുപ്പുതല ഏകോപന സമിതി അവലോകന യോഗം ചേർന്നതിന്റെ റിപ്പോർട്ട് ആവശ്യപ്പെടുന്നതിന് തീരുമാനിക്കുകയും ചെയ്തു.

2. പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ് 19.02.2024 ലെ ബി2/29/2023/പി.വി.വി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ 14.12.2023 തീയതിയിലെ സ.ഉ.(സാധാ) നം. 107/2023/പി.വി.വി.വ നമ്പർ ഉത്തരവ് പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അദ്ധ്യക്ഷനായി വകുപ്പുതല ഏകോപന സമിതിയും ഡയറക്ടറേറ്റിന് കീഴിൽ ഉള്ള വിവിധ ജില്ലാ കാര്യാലയങ്ങളിലെ നടപടി ക്രമങ്ങൾ പ്രകാരം ജില്ലാതല ഔദ്യോഗിക ഭാഷ സമിതികളും രൂപീകരിച്ചിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

പ്രസ്തുത റിപ്പോർട്ട് 23.07.2024 ലെ യോഗത്തിൽ പരിഗണിച്ച സമിതി റിപ്പോർട്ട് അംഗീകരിക്കുകയും റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന വകുപ്പുതല ഏകോപന സമിതിയും ജില്ലാതല ഔദ്യോഗികഭാഷാ സമിതികളും എത്ര യോഗങ്ങൾ ചേർന്നിട്ടുണ്ടെന്നത് സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

3. വനിതാ-ശിശു വികസന(പി.എസ്.) വകുപ്പ് 21.03.2024 ലെ പിഎസ്2/15/2022/WCDD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ 12.12.2014 തീയതിയിലെ സ.ഉ(കൈയെഴുത്ത്)നം.42/2014/ഉഭപവ നമ്പർ

സർക്കാർ ഉത്തരവ് പ്രകാരം ജില്ലാതല ഔദ്യോഗികഭാഷാ സമിതികൾ രൂപീകരിക്കുന്നതിന് വനിതാ ശിശു വികസന ഡയറക്ടർ നിർദ്ദേശം നൽകുകയും തുടർന്ന് 14 ജില്ലാ ഓഫീസുകളിലും ജില്ലാതല ഔദ്യോഗികഭാഷാ സമിതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വനിതാ- ശിശുവികസന വകുപ്പിൽ വകുപ്പ് തല ഏകോപന സമിതി രൂപീകരിച്ച് വനിതാ ശിശു വികസന ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പ്രസ്തുത റിപ്പോർട്ട് 23.07.2024 ലെ യോഗത്തിൽ സമിതി അംഗീകരിച്ചു.

4. ജലവിഭവ(ജി&പി) വകുപ്പ് 24.05.2024-ലെ ജി&പി3/39/2019-ജവിവ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ 12.12.2014 ലെ സ.ഉ (കൈ) നം.42/2014/ഉ.ഭ.പ.വ ന്റെ അടിസ്ഥാനത്തിൽ, ജലവിഭവ വകുപ്പിനു കീഴിലുള്ള കേരള വാട്ടർ അതോറിറ്റിയിൽ ഏകോപന സമിതികളും ജില്ലാതല ഓദ്യോഗികഭാഷാ സമിതികളും രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാകുവാനും കേരള വാട്ടർ അതോറിറ്റിയുടെ ഭരണനിർവ്വഹണത്തിൽ മാതൃഭാഷാ ഉപയോഗത്തിൽ പുരോഗതി കൈവരിക്കുവാനും ആയവ 2023 ൽ പുനഃസംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ജലസേചന വകുപ്പ് ആസ്ഥാന കാര്യാലയത്തിൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) അദ്ധ്യക്ഷനായി വകുപ്പുതല ഏകോപനസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി വർഷത്തിൽ ജനുവരി, ഏപ്രിൽ, ജൂലൈ, ഒക്ടോബർ മാസങ്ങളിൽ യോഗം കൂടുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലാതല ഓദ്യോഗികഭാഷാ സമിതികൾ വകുപ്പിലെ അനുബന്ധ കാര്യാലയങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. സമിതി യോഗങ്ങൾ കൂടുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

ഭൂജല വകുപ്പിൽ വകുപ്പുതല ഏകോപന സമിതിയും ജില്ലാതല സമിതികളും രൂപീകരിക്കുകയും ടി സമിതികളുടെ പ്രവർത്തനം നടന്നുവരികയും ചെയ്യുന്നു.

ഐ.ഡി.ആർ.ബി (ഇറിഗേഷൻ ഡിസൈൻ & റിസർച്ച് ബോർഡ്) ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിനു കീഴിലുള്ള തൃശ്ശൂർ ജില്ലയിലെ ഫീൽഡ് സ്റ്റഡീസ് സർക്കിൾ, കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (പീച്ചി), പാലക്കാട് ജില്ലയിലെ ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ എന്നിവിടങ്ങളിൽ ഔദ്യോഗിക ഭാഷാ സമിതികൾ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുകയും ചെയ്യുന്നുണ്ട്.

പ്രോജക്ട്സ്- 1 ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ജില്ലാതല ഔദ്യോഗിക സമിതി പ്രവർത്തിച്ചുവരുന്നുണ്ട്. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് അദ്ധ്യക്ഷനായിക്കൊണ്ട് ഔദ്യോഗിക ഭാഷാസമിതി പ്രവർത്തിച്ചുവരുന്നുണ്ട്. കത്തിടപാടുകൾ, കോടതി പരാമർശങ്ങൾ, അന്യസംസ്ഥാനങ്ങളിലേക്ക് നൽകുന്ന കത്തിടപാടുകൾ എന്നിവ ഒഴികെ എല്ലാം മലയാളത്തിൽ ആണ് തയ്യാറാക്കുന്നത്. ഓഫീസ് സീലും, ഓഫീസ് ബോർഡും തസ്തിക ബോർഡും വാഹനത്തിലെ വകുപ്പ് പേരുകളും എല്ലാം മലയാളത്തിൽ തന്നെയാണ് തയ്യാറാക്കിയിട്ടുള്ളത്. 'ഹർജികളും അപേക്ഷകളും ദയവായി മലയാളത്തിൽ ലഭ്യമാക്കുക' എന്ന ബോർഡും പ്രദർശിപ്പിച്ചിട്ടുണ്ട്. തൻപതിവേട്, ഡെസ്പാച്ച് രജിസ്റ്റർ, ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ, സർട്ടിഫിക്കറ്റുകൾ മുതലായവ മലയാളത്തിൽ കൈകാര്യം ചെയ്തു വരുന്നു. മലയാളഭാഷാ പുരോഗതിയുടെ ഭാഗമായി ആഴ്ചയിലെ ആദ്യപ്രവൃത്തി ദിനത്തിൽ കാര്യാലയ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് 5 ഇംഗ്ലീഷ് വാക്കുകളുടെ മലയാള തർജ്ജമ കാര്യാലയത്തിന് മുന്നിലെ ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ട്. കേരള സംസ്ഥാന രൂപീകരണത്തിന്റെ 61-ാം വാർഷിക ദിനാഘോഷത്തിന്റെ ഭാഗമായി 2017 നവംബർ 1 ന് ശ്രേഷ്ഠഭാഷാ ദിനാഘോഷവും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാ വാരാഘോഷവും 2017 നവംബർ 1 മുതൽ 2018 ഒക്ടോബർ 31 വരെ വാർഷികാഘോഷവും സംഘടിപ്പിച്ചിട്ടുണ്ട്. ആഘോഷങ്ങളുടെ ഭാഗമായി ജീവനക്കാർക്ക് ഭാഷാപരിജ്ഞാനം വളർത്തുന്ന വിധത്തിൽ പ്രശ്നോത്തരി, കവിതാപാരായണം, പ്രസംഗം, വിജയികൾക്ക് സമ്മാനദാനം എന്നിവ

സംഘടിപ്പിച്ചു. ഒന്നിടവിട്ട മാസങ്ങളിൽ ഔദ്യോഗികഭാഷ സംബന്ധിച്ച ജില്ലാതല സമിതി യോഗങ്ങൾ ചേരുകയും നടപടിക്രമങ്ങളും ഹാജർപട്ടികയുടെ പകർപ്പും കണ്ണൂർ ജില്ലാകളക്ടർക്ക് യഥാസമയം സമർപ്പിക്കുകയും ചെയ്തു വരുന്നു.

ജലനിധിയിൽ (കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി) വകുപ്പുതല ഏകോപന സമിതി രൂപീകരിച്ചിട്ടുള്ളതും അതാത് വർഷങ്ങളിൽ ഭരണഭാഷ-മാതൃഭാഷ സംബന്ധിച്ച് സമഗ്രമായ കർമ്മപരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്.

പ്രസ്തുത റിപ്പോർട്ട് സമിതി 23.07.2024 ലെ യോഗത്തിൽ പരിഗണിക്കുകയും പ്രോജെക്ട്സ്-1 ചീഫ് എൻജിനീയറുടെ കാര്യാലയത്തിൽ ഒന്നിടവിട്ട മാസങ്ങളിൽ ജില്ലാതല ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി യോഗങ്ങൾ ചേരുകയും നടപടിക്രമങ്ങളുടെയും ഹാജർ പട്ടികയുടെയും പകർപ്പുകൾ കണ്ണൂർ കളക്ടർക്ക് യഥാസമയം സമർപ്പിക്കുകയും ചെയ്യുന്നുണ്ടെന്ന പരാമർശത്തിൽ വ്യക്തത വരുത്തണമെന്ന് വകുപ്പിനോട് നിർദ്ദേശിക്കുവാനും തീരുമാനിച്ചു.

5. <u>കേരളം പ്രവർത്തന മേഖലയായി തെരഞ്ഞെടുത്ത ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ഇൻഷ്വറൻസ് കമ്പനികൾ തുടങ്ങിയവർ നൽകുന്ന രേഖകൾ മലയാളത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചു കൊണ്ട് ശ്രീ. ബോബൻ മാട്ടുമന്ത, പാലക്കാട് സമർപ്പിച്ച ഹർജി.</u>

(ഫയൽ നം. 15599/ഔ.ഭ.സ 2/2023/നി.സെ)

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി മുമ്പാകെ കേരളം പ്രവർത്തന മേഖലയായി തെരഞ്ഞെടുത്ത ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ഇൻഷ്വറൻസ് കമ്പനികൾ തുടങ്ങിയവർ നൽകുന്ന രേഖകൾ മലയാളത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിച്ചു കൊണ്ട് ശ്രീ.ബോബൻ മാട്ടുമന്ത, പാലക്കാട് സമർപ്പിച്ച ഹർജി 20.10.2023 ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത

ഹർജിയിന്മേലുള്ള വിശദമായ മറുപടി ധനകാര്യം, ആസൂത്രണ സാമ്പത്തികകാര്യം എന്നീ വകുപ്പുകളോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി നിർദേശത്തിന്മേൽ ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ് 15.03.2024 തീയതിയിലെ എസ്റ്റാ-ഡി4/14/2024- ധന (2673631) നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിൽ നിലവിൽ ഇടപാടുകാർക്ക് നൽകുന്ന പോളിസി സർട്ടിഫിക്കറ്റും പാസ്ബുക്കും ആംഗലേയഭാഷയിൽ അച്ചടിച്ചിട്ടുള്ളതാണ്. അടുത്തവർഷം മുതൽ ആയത് മലയാളഭാഷയിൽ പരിഭാഷപ്പെടുത്തി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

പ്രസ്തുത റിപ്പോർട്ട് 23.07.2024 ലെ യോഗത്തിൽ പരിഗണിച്ച സമിതി റിപ്പോർട്ട് അംഗീകരിക്കുകയും, പ്രസ്തുത വിഷയം സംബന്ധിച്ച് ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും ഇൻഷുറൻസ് കമ്പനികളുടെ പോളിസി എഗ്രിമെന്റുകൾ മലയാളത്തിൽ ലഭ്യമാക്കണമെന്ന് നിർദ്ദേശം നൽകാനും തീരുമാനിച്ചു.

ആയതിൻ പ്രകാരം ആസൂത്രണ സാമ്പത്തികകാര്യ (പി) വകുപ്പ് 29.08.2024-ലെ PLGEA-P/2/2024-PLGEA നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ബാങ്കുകളുമായി ബന്ധപ്പെട്ട വിഷയത്തിന്മേൽ, എസ്.എൽ.ബി.സി. കൺവീനർ ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചു. കേരളത്തിലെ ബാങ്കുകളുടെ ശാഖകളിൽ നിർദ്ദേശങ്ങളും സൂചികക്കുറിപ്പുകളും മറ്റ് വിവരങ്ങളും മലയാളത്തിൽ പ്രദർശിപ്പിക്കുന്നുണ്ടെന്നും കേരളത്തിൽ ഭൂരിഭാഗം ബാങ്കുകളിലും എല്ലാ ഫോമുകളും കരാറുകളും മലയാളത്തിലും ലഭ്യമാണെന്നുമാണ് എസ്.എൽ.ബി.സി കൺവീനർ റിപ്പോർട്ട് ചെയ്തിരിക്കുന്നത്.

ധനകാര്യ സ്ഥാപനങ്ങൾ, ഇൻഷുറൻസ് കമ്പനികൾ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ നടപടി സ്വീകരിച്ച് സമിതിക്ക് നേരിട്ട് റിപ്പോർട്ട്

നൽകുന്നതിനായി ഹർജിയുടെ പകർപ്പ് നികുതി വകുപ്പിനും ധനകാര്യ വകുപ്പിനും കൈമാറിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

പ്രസ്തുത മറുപടി 29.11.2024-ലെ യോഗത്തിൽ പരിഗണിച്ച സമിതി റിപ്പോർട്ട് അംഗീകരിച്ചു.

6. വിവിധ വകുപ്പുകളിലെയും വകുപ്പിനു കീഴിലുള്ള ഉപവകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിലെയും ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി റിപ്പോർട്ട് സംബന്ധിച്ച്.

(ഫയൽ നം. 3343/ഔ.ഭാ.സ 2/2017/ലെജി.)

ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതിയുടെ 21.06.2017-ലെ യോഗം വിവിധ വകുപ്പുകളിലെയും, വകുപ്പുകളുടെ കീഴിലുള്ള ഉപവകുപ്പുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിലെയും ഭരണഭാഷാ പ്രയോഗപുരോഗതി സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് വകുപ്പുകൾക്ക് കത്തയയ്ക്കാൻ നിർദ്ദേശിച്ചിരുന്നു. തൊഴിലും നൈപുണ്യവും (സി) വകുപ്പ് 13.09.2023 ലെ LBRD-C3/112/2023-LBRD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് എന്ന സ്ഥാപനത്തെ സംബന്ധിച്ചുള്ള നടപടി റിപ്പോർട്ടിൽ Skill Aquisition and Knowledge Awareness for Livelihood Promotion Programme (SANKALP), Prime Minister Koushal vikas Yojana (PMKVY) തുടങ്ങിയ കേന്ദ്രസർക്കാർ പദ്ധതികളുൾപ്പെടെയുള്ള വിവിധ നൈപുണ്യ പരിശീലന പരിപാടികളുടെ നടത്തിപ്പും ബന്ധപ്പെട്ട ഏജൻസികളുടെ ഏകോപനവും കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് നടപ്പാക്കി വരുന്നുണ്ട്. ഇതിനായി കേന്ദ്രസർക്കാരുമായും മറ്റ് സംസ്ഥാന സർക്കാരുകളുമായും വളരെയധികം കത്തിടപാടുകൾ ആംഗലേയഭാഷയിൽ കൈകാര്യം ചെയ്യേണ്ടതായിട്ടുണ്ട്. ഇത് ഒഴികെയുള്ള മറ്റ് കത്തിടപാടുകൾ എല്ലാം തന്നെ പൂർണമായി മലയാളത്തിലേക്ക് മാറ്റുകയും, ഉദ്യോഗസ്ഥർക്ക് ഇതിലേക്കായി കർശന നിർദ്ദേശം പരിപത്രമായി ഇറക്കിയിട്ടുണ്ട് എന്ന വിവരം അറിയിച്ചിരുന്നു.

പ്രസ്തുത മറുപടി 23.05.2024 ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷാ) വകുപ്പ് 13.12.2023 ലെ ഒ.എൻ2/214/2023/പി&എ.ആർ.ഡി നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഉദ്യോഗസ്ഥ - ഭരണപരിഷ്കാര (ഔദ്യോഗികഭാഷാ) വകുപ്പിന്റെ ഭരണഭാഷാ പ്രയോഗ പുരോഗതി 100% കൈവരിച്ചിട്ടുള്ളതാണെന്നും, വകുപ്പിന് കീഴിൽ ഉപവകുപ്പുകളോ മറ്റു അനുബന്ധ സ്ഥാപനങ്ങളോ ഇല്ലായെന്നുമുള്ള വിവരം അറിയിച്ചിരുന്നു.

പ്രസ്തുത മറുപടി 23.05.2024 ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

21.06.2017 ലെ യോഗ നിർദ്ദേശത്തിന്മേൽ നികുതി(ജി) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച സമിതി മലബാർ ഡിസ്റ്റിലറീസ് ലിമിറ്റഡ്, ട്രാവൻകൂർ ഷുഗേഴ്സ് & കെമിക്കൽ ലിമിറ്റഡ് എന്നിവിടങ്ങളിൽ മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ എണ്ണത്തിൽ പുരോഗതി ഇല്ലാത്തതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്മേൽ നികുതി (ജി) വകുപ്പ് 05.03.2024 ലെ ജി2/32/2019-നികുതി നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഈ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള ഒരു മേജർ ഡിസ്റ്റലറിയായ ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് ലിമിറ്റഡ് സ്പിരിറ്റ് സംബന്ധമായും മറ്റും കൂടുതൽ ഇടപാടുകൾ നടത്തുന്നത് കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളുമായാണെന്നും ആകയാൽ ഇത്തരം സ്ഥാപനങ്ങളുമായി ഇടപാടുകൾ നടത്തേണ്ടി വരുമ്പോൾ ഇംഗ്ലീഷിൽ ഫയൽ നടപടി ക്രമങ്ങൾ നടത്തേണ്ടിവരുമെന്നതിനാലാണ് മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ എണ്ണത്തിൽ കുറവ് കാണിക്കുന്നതെന്നും ഈ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള മറ്റൊരു സ്ഥാപനമായ മലബാർ ഡിസ്റ്റലറീസ് ലിമിറ്റഡ് പൂർണ്ണമായും പ്രവർത്തനം

ആരംഭിച്ചിട്ടില്ലെന്നും നിലവിൽ കമ്പനിയിൽ കൂടുതലായും ഓഡിറ്റ് സംബന്ധമായ വിഷയങ്ങളും, പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലുമായും, കോടതിയുമായുള്ള കത്തിടപാടുകളുമാണ് നടന്നു വരുന്നതെന്നും ഇത്തരം വിഷയങ്ങൾ സംബന്ധിച്ച ഫയലുകൾ ഇംഗ്ലീഷിൽ കൈകാര്യം ചെയ്യേണ്ടി വരുന്നതിനാലാണ് മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ എണ്ണത്തിൽ കുറവ് കാണിക്കുന്നതെന്നും മലയാളത്തിൽ ചെയ്യാൻ കഴിയുന്ന ഫയലുകൾ എല്ലാം മലയാളത്തിൽ കൈകാര്യം ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് പ്രസ്തുത സ്ഥാപനങ്ങൾ അറിയിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 23.05.2024 ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വിജിലൻസ് (സി) വകുപ്പ് 06.04.2024 ലെ വിജി-സി2/283/2017-വിജി നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ബഹു. കേരള നിയമസഭയുടെ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി(2016-19)യുടെ 21.06.2017 ലെ യോഗനിർദ്ദേശ പ്രകാരം വിജിലൻസ് വകുപ്പിന്റെ കീഴിലുള്ള ഉപവകുപ്പുകൾ അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിലെ ഔദ്യോഗികഭാഷാ പ്രയോഗ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച നിയമസഭാ സമിതി വിജിലൻസ് വകുപ്പിന്റെ കീഴിലുള്ള എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ്, വിജിലൻസ് ട്രിബ്യൂണൽ ഓഫീസ് എന്നിവിടങ്ങളിൽ വളരെ കുറച്ച് ശതമാനം ഫയലുകൾ മാത്രമേ മലയാളത്തിലാക്കിയിട്ടുള്ളൂവെന്നതിനുള്ള കാരണം ആരായുവാൻ നിർദ്ദേശിച്ചു. സമിതിയുടെ അപ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ട്രിബ്യൂണൽ, എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ കാര്യാലയം, എന്നിവിടങ്ങളിൽ നിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിക്കുന്നു.

"സംസ്ഥാനത്ത് തിരുവനന്തപുരം, കോട്ടയം, മൂവാറ്റുപുഴ, തൃശ്ശൂർ, കോഴിക്കോട്, തലശ്ശേരി എന്നിവിടങ്ങളിൽ 'എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതി' എന്ന പേരിൽ ആറ് പ്രത്യേക കോടതികൾ അഴിമതി നിരോധന നിയമപ്രകാരം ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനായി സ്ഥാപിച്ചിട്ടുണ്ട് ഈ കോടതികളിലെ വിധികൾക്കെതിരെ അപ്പീൽ ഫയൽ ചെയ്യേണ്ടത് ബഹു. ഹൈക്കോടതിയിലും തുടർന്ന് ബഹു. സുപ്രീം കോടതിയിലുമാണ് എന്നതിനാൽ വിധിന്യായങ്ങളും കേസ് സംബന്ധമായ ഉത്തരവുകളും ഇംഗ്ലീഷ് ഭാഷയിലാണ് തയ്യാറാക്കുന്നത്. എന്നിരുന്നാലും വിചാരണ നടപടികളും സാക്ഷിമൊഴി രേഖപ്പെടുത്തലുകളും മലയാളത്തിലാണ് തയ്യാറാക്കുന്നത്, മാത്രമല്ല, മലയാളത്തിലുള്ള പരാതികളും തെളിവുകളും ഈ കോടതികളിൽ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കേസ് സംബന്ധമല്ലാത്ത വിഷയങ്ങളും ഭരണപരമായ ഉത്തരവുകളും കത്തിടപാടുകളും മലയാളത്തിൽ തന്നെയാണ് തയ്യാറാക്കുന്നത്.

കേരള സിവിൽ സർവ്വീസസ് (വിജിലൻസ് ട്രിബ്യൂണൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപിതമായിട്ടുള്ള രണ്ട് വിജിലൻസ് ട്രിബ്യൂണലുകൾ തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. ഈ കാര്യാലയങ്ങൾക്ക് പൊതുജനങ്ങളുമായി നേരിട്ട് ബന്ധമില്ല. സിവിൽ കോടതിയുടെ സ്വഭാവത്തിൽ പ്രവർത്തിക്കുന്നതിനാൽ സാക്ഷിമൊഴികളൊഴികെ കോടതി വിചാരണ നടപടികളും സർക്കാരിലേക്കുള്ള റിപ്പോർട്ടും ഇംഗ്ലീഷ് ഭാഷയിലാണ് കൈകാര്യം ചെയ്യുന്നത്. അതുപോലെ അന്വേഷണത്തിന്റെ ഭാഗമായുള്ള വിചാരണനടപടികളിൽ ഇരുഭാഗത്തെയും അഭിഭാഷകർ അവരുടെ വാദപ്രതിവാദങ്ങളും തെളിവുകളും സമർപ്പിക്കുന്നതും ഇംഗ്ലീഷിലാണ്. എന്നിരുന്നാലും വിജിലൻസ് ട്രിബ്യൂണലിന്റെ നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട സമൻസ് വാറണ്ട്, മറ്റ് ഫോറങ്ങൾ എല്ലാം തന്നെ മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നത് കൂടാതെ ഓഫീസ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളും മലയാളത്തിലാണ് കൈകാര്യം ചെയ്യുന്നത്.

മേൽ പറഞ്ഞ കാരണങ്ങളാലാണ് എൻക്വയറി കമ്മീഷണർ & സ്പെഷ്യൻ ജഡ്ജ്, വിജിലൻസ് ട്രിബ്യൂണൽ ഓഫീസ് എന്നിവിടങ്ങളിൽ ഔദ്യോഗികഭാഷ പ്രയോഗത്തിൽ മെച്ചപ്പെട്ട പുരോഗതി കൈവരിക്കാനാകാത്തത് എന്ന് ബോധിപ്പിക്കുന്നു. ഇവിടങ്ങളിൽ ഇപ്പോൾ കൂടുതൽ ഫയലുകളും കത്തിടപാടുകളും മലയാളത്തിൽ കൈകാര്യം ചെയ്യുന്നുണ്ട്. അതിനാൽ ഈ സ്ഥാപനങ്ങൾക്ക് ഔദ്യോഗികഭാഷാ പ്രയോഗം മെച്ചപ്പെടുത്തുവാനായിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 23.05.2024 ലെ യോഗത്തിൽ പരിഗണിച്ച സമിതി റിപ്പോർട്ട് അംഗീകരിക്കുകയും വിജിലൻസ് ട്രിബ്യൂണലുകളിലെ വിചാരണ നടപടികൾ കക്ഷികൾക്ക് മനസ്സിലാകുന്ന ഭാഷയിലായിരിക്കുന്നതാണ് അഭികാമ്യമെന്ന് വകുപ്പിനെ അറിയിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

7. <u>ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി(2021-23) - മുംബൈ മലയാളികളുടെ മലയാളഭാഷ വ്യവഹാരങ്ങൾ ശക്തിപ്പെടുത്തുന്നതിന് നടപടി ആവശ്യപ്പെട്ട് - മലയാള ഭാഷാ പ്രചരണ സംഘം, മുംബൈ, മലയാളം മിഷൻ മുംബൈ ചാപ്റ്റർ എന്നീ സംഘടനകൾ സമർപ്പിച്ച നിവേദനങ്ങൾ സംബന്ധിച്ച്.</u>

(ഫയൽ നമ്പർ : 9/ഔ.ഭാ.സ 1/2020/നി.സെ)

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി, 2019 നവംബർ മാസം നടത്തിയ അഖിലേന്ത്യാ പഠന പര്യടന പരിപാടിയുടെ ഭാഗമായി മുംബൈയിൽ സന്ദർശനം നടത്തിയ അവസരത്തിൽ മുംബൈ നഗരത്തിലെ മലയാളികളുടെ, മലയാളഭാഷ വ്യവഹാരങ്ങൾ ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട്, മലയാള ഭാഷാ പ്രചരണ സംഘം, മുംബൈ, മലയാളം മിഷൻ മുംബൈ ചാപ്റ്റർ എന്നീ സംഘടനകൾ സമിതിക്ക് ഹർജി സമർപ്പിച്ചിരുന്നു. ഇരു സംഘടനകളുടെയും നിവേദനങ്ങളിൽ താഴെപ്പറയുന്ന ആവശ്യങ്ങളാണ് ഉന്നയിച്ചിരുന്നത്.

1) മുംബൈ മലയാളം മിഷൻ 100 ലധികം പഠന കേന്ദ്രങ്ങളിലായി 6000 ത്തിൽ അധികം വിദ്യാർത്ഥികൾ പഠിക്കുന്ന വലിയ പ്രസ്ഥാനമാണെങ്കിലും അതിനു മുംബൈയിലെ കേരള സർക്കാർ കെട്ടിടമായ വാശി കേരള ഹൗസിൽ ഓഫീസ് സൗകര്യം അനുവദിച്ചുതരാൻ ഇനിയും തയ്യാറായിട്ടില്ല. ഇപ്പോഴത്തെ അവസ്ഥയിൽ കേരള ഹൗസിൽ സ്ഥലപരിമിതിയില്ല. മലയാളം മിഷൻ ഭാരവാഹികളുടെ ഫ്ലാറ്റുകളിൽ പുസ്തകക്കെട്ടുകളും പരീക്ഷാപേപ്പറുകളും മറ്റു കാര്യങ്ങളും സൂക്ഷിക്കുന്ന അവസ്ഥയാണ് ഇപ്പോഴുള്ളത്. ഇതിനു മാറ്റം വരുത്തി കേരള ഹൗസിൽ മലയാളം മിഷൻ ഓഫീസ് ആരംഭിക്കേണ്ടത് വളരെ അത്യാവശ്യമാണ്.

2) മുംബൈയിലെ പുതുതലമുറയ്ക്ക് മലയാളഭാഷാപ്രാവീണ്യം നേടാൻ വഴിയൊരുക്കി അവരെ കേരള സമൂഹത്തോടു ചേർത്തുനിർത്താൻ നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന മലയാളം മിഷൻ അധ്യാപകർക്ക് ആദരസൂചകമയി പ്രതിമാസം 1000 രൂപയെങ്കിലും ഓണറേറിയം അനുവദിക്കണം.

3) കേരള സർക്കാർ എൻഡോവ്മെന്റ് മുഖാന്തിരം ഒരു കോർപ്പസ് ഫണ്ട് നൽകുകയാണെങ്കിൽ മുംബൈ സർവകലാശാലയിൽ ഒരു മലയാളം ചെയർ ആരംഭിക്കാൻ സർവകലാശാല അധികൃതർ അനുകൂലസമീപനം കാണിക്കുന്നുണ്ട്. ഇക്കാര്യത്തിൽ കേരള സർക്കാർ മുംബൈ സർവകലാശാലയെ ഔദ്യോഗികമായി സമീപിച്ചു തുടർ നടപടികൾ സ്വീകരിക്കണമെന്നും മുംബൈ മലയാളികൾ ആഗ്രഹിക്കുന്നുണ്ട്.

ടി നിവേദനങ്ങൾ സമിതി പരിഗണിക്കുകയും നിവേദനങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളോട് റിപ്പോർട്ട് ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും കൂടാതെ, മലയാളം മിഷൻ മുംബൈ ചാപ്റ്ററിന് ആവശ്യമായ പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ഗവൺമെന്റിന് ശിപാർശ നൽകുന്നതിനും സമിതി തീരുമാനിച്ചു. സമിതിയുടെ ശിപാർശ സഹിതം ഹർജികൾ റിപ്പോർട്ടിനായി ഉന്നതവിദ്യാഭ്യാസം, പൊതുഭരണം, സാംസ്കാരികകാര്യം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി.

ആയതിന്മേൽ സാംസ്കാരികകാര്യ(സി)വകുപ്പ 20.01.2021 ലെ സി1/18/2020 സാം.കാ.വ. നമ്പർ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് 24.11.2021 ലെ യോഗത്തിൽ പരിഗണിക്കുകയും സമിതി അംഗീകരിക്കുകയും മുംബൈ സർവ്വകലാശാലയിൽ മലയാളം ചെയർ ആരംഭിക്കുന്ന വിഷയം സംബന്ധിച്ച ആവശ്യത്തിന്മേൽ ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത ആവശ്യത്തിന്മേൽ 08.12.2023-ലെ ഇ 3/27/2022/ ഉ.വി.വ. നമ്പർ കത്ത് മുഖേന ഉന്നത വിദ്യാഭ്യാസ(ഇ) വകുപ്പ് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

കേരള ഹൗസിൽ മലയാളം മിഷൻ ഓഫീസ് ആരംഭിക്കണമെന്ന ക്രമനമ്പർ 1-ലെ ആവശ്യത്തിന്മേൽ പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് 08.06.2022-ലെ 151/പോൾ-2(എ)/2021/പൊ.ഭ.വ. നമ്പർ കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 10.08.2022-ലെ യോഗം പരിഗണിക്കുകയും, അംഗീകരിക്കുകയും മലയാള ഭാഷാ വ്യാപനത്തിനായി പരിശ്രമിക്കുന്ന മുംബൈ മലയാളികളുടെ ആത്മാർത്ഥ ശ്രമം അംഗീകരിച്ചുകൊണ്ട്, അവരുടെ പ്രവർത്തനത്തെ പരിപോഷിപ്പിക്കാനുതകുന്ന ഒരു സാംസ്കാരിക കേന്ദ്രം മുംബൈയിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പിന് ശിപാർശ നൽകാൻ തീരുമാനിക്കുകയും ചെയ്തു. ടി വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കേണ്ടത് സാംസ്കാരികകാര്യ വകുപ്പാകയാൽ പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട് സാംസ്കാരികകാര്യ വകുപ്പിന് കത്ത് നൽകിയതായി പൊതുഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ(ഇ) വകുപ്പ് 08.12.23 ലെ ഇ3/27/2022-ഉ.വി.വ നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിയിലെ ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചുവെന്നും മുംബൈ സർവ്വകലാശാലയിൽ മലയാളം ചെയർ സ്ഥാപിക്കുന്നതിന് നൽകേണ്ട കോർപ്പസ് ഫണ്ട് എത്രയാണ് എന്ന് നിശ്ചയിച്ച വ്യക്തമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് മലയാളം മിഷൻ മുംബൈ ചാപ്റ്റർ

അല്ലെങ്കിൽ മലയാള ഭാഷാ പ്രചാരണ സംഘം തയ്യാറാവുകയാണെങ്കിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിരുന്നു

പ്രസ്തുത റിപ്പോർട്ട് 23.05.2024 ലെ യോഗത്തിൽ പരിഗണിച്ച സമിതി റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുവാൻ നിർദ്ദേശിച്ചു

8. കേരള നിയമസഭാ സെക്രട്ടേറിയറ്റ് - ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി(2023-26) - കെ.എസ്.ഇ.ബി.-യുമായി ബന്ധപ്പെട്ട ഫാറങ്ങളും ബില്ലുകളും മലയാളത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. മുസ്തഫ പി കെ. കണ്ണൂർ സമർപ്പിച്ച ഹർജി സംബന്ധിച്ച്.

(7882/ഔ.ഭാ.സ.1/2023/നി.സെ.)

ഇലക്ട്രിസിറ്റി ബോർഡിൽ മീറ്റർ റീഡിങ് എടുക്കുമ്പോൾ ബിൽ ലഭ്യമാക്കുന്നത് ഇംഗ്ലീഷിലാണ് എന്നും സർചാർജ്, വാടക, ഫ്യൂവൽ ഫീസ് മുതലായ വിവരങ്ങൾ ബില്ലിൽ ഉൾപ്പെടുത്താറുണ്ട് എന്നും, പ്രസ്തുത വിവരങ്ങൾ സാധാരണക്കാർക്ക് മനസ്സിലാവണമെന്നില്ല എന്നും ആയതിനാൽ കറന്റ് ബിൽ അടക്കം കെ.എസ്.ഇ.ബി.-യെ ബാധിക്കുന്ന എല്ലാ എഴുത്തുകളും മലയാളത്തിൽ എഴുതിക്കൊടുക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ മുസ്തഫ പി കെ കണ്ണൂർ സമർപ്പിച്ച ഹർജിയിന്മേൽ ഊർജ്ജ(എ) വകുപ്പ് 03.01.2024 തീയതിയിലെ എ 1/217/2023/ഊ.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിവിഷയം സംബന്ധിച്ച് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചുവെന്നും കേരള സംസ്ഥാന ഗവൺമെന്റിന്റെ ഭരണഭാഷ മാതൃഭാഷയാക്കുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിലും ഭരണഭാഷ മലയാളമാക്കിയിട്ടുണ്ടെന്നും പി.ഡി.എ/സ്പോട്ട് ബില്ലിംഗ് മെഷീനുകൾ മുഖേന ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്ന വൈദ്യുതി ബില്ലുകൾ ഇംഗ്ലീഷിലും മലയാളത്തിലും നൽകുവാനുള്ള സൗകര്യമുണ്ടെന്നും എന്നാൽ സോഫ്റ്റ്‌വെയറിൽ ഉപയോഗിക്കുന്ന ചില സാങ്കേതിക പദങ്ങൾ മലയാളത്തിൽ മൊഴിമാറ്റം നടത്തുന്നത് പ്രായോഗികമല്ലായെന്നും

എന്നിരുന്നാലും ശ്രീ മുസ്തഫ പി.കെ സമർപ്പിച്ച ഹർജിയിലെ പരിഗണനാർഹമായ ആവശ്യങ്ങൾ ഭാവിയിൽ സോഫ്റ്റ്വെയറിൽ സ്വീകരിക്കുവാൻ കഴിയുമോയെന്ന് പരിശോധിച്ച് ഉൾപ്പെടുത്തുന്നതാണെന്നും കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും സമയബന്ധിതമായി നടപടികൾ സ്വീകരിക്കുവാൻ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 23.05.2024 ൽ പരിഗണിച്ച സമിതി റിപ്പോർട്ട് അംഗീകരിച്ചു.

9. <u>ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2023-26) - സമിതി (2009-11)യുടെ അഞ്ചാമത് റിപ്പോർട്ടിന്റെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നത് - സംബന്ധിച്ച്.</u>

(ഫയൽ നം.158/ഔ.ഭാ.സ 1/2012/ലെജി.)

സമിതി (2009-11)യുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ 21.03.2022-ലെ വനം-പി.എസ്1/90/2020-വനം നമ്പർ പ്രകാരം വനം - വന്യജീവി(പി.എസ്.) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് 04.05.2022-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും, അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററെ അധ്യക്ഷനാക്കിക്കൊണ്ട് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 04.09.2021-ലെ ഇ 1/54464/15 നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച പരിഭാഷ സെൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത സമിതി നിർദ്ദേശത്തിന്മേൽ 18.11.2023 തീയതിയിലെ വനം-പി.എസ്1/90/2020-വനം നമ്പർ കത്ത് മുഖേന വന്യജീവി(പി.എസ്.) വകുപ്പ് ലഭ്യമാക്കിയ മറുപടിയിൽ

1. വനം വകുപ്പ് ആസ്ഥാനത്തെ വിവിധ ഇടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ബോർഡുകളിൽ ഔദ്യോഗികഭാഷയിൽ ഉപയോഗിക്കുന്ന അഞ്ച് വാക്കുകളുടെ പരിഭാഷ എല്ലാ ദിവസവും എഴുതി പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു

2. വനം വകുപ്പിന്റെ വെബ് സൈറ്റിൽ നിലവിൽ ചെറിയ രീതിയിൽ മലയാളത്തിൽ വിവരങ്ങൾ നൽകുന്നുണ്ടെങ്കിലും അത് കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ ദ്വിഭാഷയിലേക്ക് മാറ്റുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു

3. വനം വകുപ്പിൽ നിലവിലുള്ള ആക്ടുകൾ, ചട്ടങ്ങൾ, സ്പെഷ്യൽ റൂളുകൾ, കോഡുകൾ, സർട്ടിഫിക്കറ്റുകൾ, ഫോറങ്ങൾ എന്നിവയുടെ പരിഭാഷ നടത്തുന്നതിലേക്ക് ആദ്യഘട്ടമെന്ന നിലയിൽ, നിലവിൽ മലയാളത്തിൽ ഉള്ളതും ഇല്ലാത്തതുമായി വേർതിരിച്ച് പട്ടിക തയ്യാറാക്കുകയും, ആയത് പരിഭാഷപ്പെടുത്തുവാൻ ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു

4. മലയാള ഭാഷയിലുള്ള മികച്ച കത്തുകൾ/കുറിപ്പുകൾ തയ്യാറാക്കുന്ന ജീവനക്കാർക്കുള്ള പുരസ്കാരം ഹെഡ്ക്വാർട്ടേഴ്സ്, ജില്ലാ തലങ്ങളിൽ മാസാമാസം നൽകുന്നത് ഭാഷാ പുരോഗതിക്ക് ഉചിതമായിരിക്കും എന്ന് വിലയിരുത്തുകയും അതിലേക്കായി വനംവകുപ്പ് ആസ്ഥാനത്തെ ഓരോ സെക്ഷനുകളിൽ/ ഓഫീസുകളിൽ നിന്ന് മികച്ച രണ്ട് കത്ത്/നോട്ട് വീതം ബന്ധപ്പെട്ട സൂപ്രണ്ടുമാർ/ ബ്രാഞ്ച് ഓഫീസർമാർ ശിപാർശ ചെയ്ത് ഭാഷാസമിതിക്ക് നൽകണമെന്നും ഭാഷാ സമിതി ഇത് വിലയിരുത്തി ജില്ലാതലത്തിൽ പുരസ്കാരം നൽകുന്നതിന് ജില്ലാ ഔദ്യോഗികഭാഷാ സമിതിക്ക് നിർദ്ദേശം നൽകുന്നതിനുമായി നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഓഫീസുകൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു

പ്രസ്തുത റിപ്പോർട്ട് 20.03.2024-ലെ യോഗത്തിൽ പരിഗണിച്ച സമിതി മറുപടി അംഗീകരിച്ചു.

10. <u>2017 മേയ് 1-ന ശേഷം ഇംഗ്ലീഷിൽ പുറപ്പെട്ടുവിച്ച സർക്കാർ ഉത്തരവുകൾ 23.05.2018-ലെ സമിതി യോഗനിർദ്ദേശങ്ങളിന്മേൽ ഉന്നതവിദ്യാഭ്യാസ(കെ) വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്.</u>

(ഫയൽ നമ്പർ 4139/ഔ.ഭാ.സ 1/2018/നി.സെ.)

2017 മേയ് 1-ന ശേഷം വിവിധ വകുപ്പുകളിൽ ഇംഗ്ലീഷിൽ പുറപ്പെട്ടുവിച്ചിട്ടുള്ള ഉത്തരവുകളുടെ എണ്ണം, ആയതിന്റെ വിശദവിവരം, ഉത്തരവുകൾ ഇംഗ്ലീഷിൽ പുറപ്പെട്ടുവിക്കാനുള്ള കാരണം എന്നിവ ലഭ്യമാക്കണമെന്ന് 30.06.2017-ൽ ചേർന്ന സമിതി യോഗം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്മേൽ ഉന്നതവിദ്യാഭ്യാസ(കെ) വകുപ്പ് 09.11.2017-ലെ കെ1/198/2017/ഉ.വി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി സമിതിയുടെ 23.05.2018-ലെ യോഗത്തിൽ പരിഗണിക്കുകയും എൻ.സി.സി.യുമായി ബന്ധപ്പെട്ട് ഇംഗ്ലീഷിൽ പുറപ്പെട്ടുവിച്ച ഉത്തരവുകൾ മലയാളത്തിലും കൂടി പുറപ്പെട്ടുവിക്കണമെന്നും വകുപ്പിന് കീഴിലുള്ള സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കുവാനും കിഫ്ബിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ മലയാളത്തിൽ പുറപ്പെട്ടുവിക്കണമെന്നും ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ബി.എഡ്.സെന്ററുകളുടെ ബോർഡുകളിൽ മലയാളത്തിൽകൂടി പേര് പ്രദർശിപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. സമിതി നിർദ്ദേശത്തിന്മേൽ ഉന്നതവിദ്യാഭ്യാസ(കെ) വകുപ്പ് 11.12.2023-ലെ കെ1/198/2017/ഉ.വി.വ. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | സമിതി നിർദ്ദേശം | സ്വീകരിച്ച നടപടി |
|---|---|---|
| 1 | എൻ.സി.സി.യുമായി ബന്ധപ്പെട്ട് ഇംഗ്ലീഷിൽ പുറപ്പെട്ടുവിച്ച ഉത്തരവുകൾ മലയാളത്തിൽ കൂടി പുറപ്പെട്ടുവിക്കണം | എൻ.സി.സി.യുമായി ബന്ധപ്പെട്ട് ഇംഗ്ലീഷിൽ പുറപ്പെട്ടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ മലയാളത്തിൽ കൂടി പുറപ്പെട്ടുവിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 2 | സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കണം. | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ 2018 ജനുവരി മാസം മുതൽ 2021 മെയ് മാസം വരെയുള്ള ഭാഷാമാറ്റ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. |
| 3 | കിഫ്ബിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കണം | ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ കിഫ്ബിയുമായി ബന്ധപ്പെട്ട ഉത്തരവുകൾ ഇനിമുതൽ മലയാളത്തിൽ പുറപ്പെടുവിക്കുന്നതിലേക്കായി ഡി.പി.ആറും, മറ്റ് അനുബന്ധ രേഖകളും മലയാളത്തിൽ തന്നെ ലഭ്യമാക്കുവാൻ പദ്ധതി നിർവഹണ ഏജൻസികളോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| 4 | ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ബി.എഡ്. സെന്ററുകളുടെ ബോർഡുകളിൽ മലയാളത്തിൽ കൂടി പേര് പ്രദർശിപ്പിക്കണം | ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ബി.എഡ്. സെന്ററുകളുടെ ബോർഡുകളിൽ മലയാളത്തിൽ കൂടി പേര് പ്രദർശിപ്പിക്കുന്നതിന് കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ എന്നീ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

പ്രസ്തുത റിപ്പോർട്ട് 20.03.2024-ലെ യോഗത്തിൽ പരിഗണിച്ച സമിതി മറുപടി അംഗീകരിച്ചു.

11. ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി(2016-19)യുടെ രണ്ടാമത് റിപ്പോർട്ട് - തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

(ഫയൽ നം. 6941/ഔ.ഭാ.സ 2/2018/നി. സെ)

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി(2011-14)യുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള (ഔദ്യോഗികഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച് സമിതിയുടെ ശിപാർശകളും നിർദ്ദേശങ്ങളും ഉൾപ്പെട്ട റിപ്പോർട്ട്) നടപടി റിപ്പോർട്ടാണ്; സമിതി(2016-19)യുടെ രണ്ടാമത് റിപ്പോർട്ട്. പ്രസ്തുത റിപ്പോർട്ടിലെ ഖണ്ഡിക 46-ലെ ശിപാർശയുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥ

ഭരണപരിഷ്കാര വകുപ്പ് ലഭ്യമാക്കിയ 23.12.2015-ലെ റിപ്പോർട്ട് 30.11.2016-ലെ സമിതിയോഗം പരിഗണിക്കുകയും ഭാഷാപോഷണത്തിനായി വിവിധ വകുപ്പുകൾക്ക് അനുവദിക്കുന്ന തുക അതിന്റെ ലക്ഷ്യങ്ങൾക്കായി തന്നെ ചെലവഴിക്കുന്നതിൽ എല്ലാ വകുപ്പുകളും ജാഗ്രത പുലർത്തണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത സമിതി നിർദ്ദേശത്തിന്മേൽ ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് 03.09.2022-ലെ ഒ.എൽ.4/11/2022/പി&എ.ആർ.ഡി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ വിവിധ വകുപ്പുകൾക്ക് ധനകാര്യവകുപ്പ് അതത് വർഷം അനുവദിക്കുന്ന തുക അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്കായിത്തന്നെ ചെലവഴിക്കുന്നതിന് സെക്രട്ടേറിയറ്റ് വകുപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ വകുപ്പുകൾക്കും 09.06.2022-ലെ നം. ഒ.എൽ.4/ 11/2022/ പി&എ.ആർ.ഡി. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 12.01.2023-ലെ യോഗത്തിൽ പരിഗണിച്ച സമിതി, റിപ്പോർട്ട് അംഗീകരിക്കുകയും ഫയൽ നടപടികൾ അവസാനിപ്പിക്കുകയും ചെയ്തു

12. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി - ഭാഷാമാറ്റ പുരോഗതി അറിയുവാൻ സ്റ്റോഴ്സ് പർച്ചേസ് വകുപ്പിൽ നിന്നും രേഖകൾ സമാഹരിക്കുന്നത് സംബന്ധിച്ച്

(ഫയൽ നം. 822/ഔ.ഭാ.സ 1/2006/നി.സെ)

ഔദ്യോഗികഭാഷാമാറ്റ പുരോഗതി സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2004-06) വിവിധ വകുപ്പുകൾക്ക് ചോദ്യാവലി തയ്യാറാക്കി അയച്ചിരുന്നു. ആയതിന്മേൽ സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച 26.07.2017-ലെ സമിതി യോഗം സ്റ്റോഴ്സ് പർച്ചേസ് മാന്വലിന്റെ മലയാള പരിഭാഷ സമയബന്ധിതമായി പൂർത്തിയാക്കി ആയതിന്റെ പകർപ്പ് സമിതിക്ക് ലഭ്യമാക്കണമെന്ന് വകുപ്പിനോട്

ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശത്തിൻമേൽ സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് ലഭ്യമാക്കിയ 05.08.2021-ലെ റിപ്പോർട്ട് സമിതിയുടെ 2022 ജനുവരി 11-ാം തീയതിയിലെ യോഗത്തിൽ പരിഗണിക്കുകയും സ്റ്റോഴ്സ് പർച്ചേസ് മാന്വലിന്റെ മലയാള പരിഭാഷയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാൻ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു. ടി നിർദ്ദേശത്തിന്മേൽ സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് ലഭ്യമാക്കിയ 12.08.2022-ലെ ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

" പരിഷ്കരിച്ച സ്റ്റോഴ്സ് പർച്ചേസ് മാന്വൽ 2013, 21.06.2013-ലെ സ.ഉ.(പി)നം.3/2013/എസ്.പി.ഡി. പ്രകാരം നിലവിൽ വന്നു. ടി മാന്വലിന്റെ മലയാള പരിഭാഷ നടത്തി ലഭ്യമാക്കുന്നതിന് 04.02.2014-ലെ സ.ഉ.(സാധാ)നം.11/2014/എസ്.പി.ഡി. പ്രകാരം സെന്റർ ഫോർ മാനേജ്മെന്റ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തി. പ്രസ്തുത സ്ഥാപനം 09.02.2017-ൽ മലയാള പരിഭാഷയുടെ കരട് പകർപ്പ് ലഭ്യമാക്കി. എന്നാൽ, ആംഗലേയ പതിപ്പും മലയാള പരിഭാഷയും താരതമ്യം ചെയ്ത് തിരുത്തലുകൾ വരുത്തി തിരികെ ലഭ്യമാക്കുവാൻ ആയത് 11.07.2017-ൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പിന് നൽകിയിരുന്നു. ആയത് താരതമ്യ പഠനം നടത്തി തിരികെ 26.02.2021-ൽ അംഗീകരിച്ച് 06.03.2021-ൽ സ്റ്റോഴ്സ് പർച്ചേസ് വകുപ്പിൽ ലഭ്യമാക്കിയിരുന്നു. പ്രസ്തുത കരടിലെ നിയമപരമായ അർത്ഥ വ്യതിയാനങ്ങൾ പരിശോധിക്കുന്നതിനായി ഫയൽ 22.03.2021-ൽ നിയമ വകുപ്പിന് നൽകിയിരുന്നു. സ്റ്റോഴ്സ് പർച്ചേസ് മാന്വൽ ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിൻ കീഴിൽ പുറപ്പെടുവിച്ചതായി കാണുന്നില്ലെന്നും ആയതിനാൽ നിയമ വകുപ്പിൽ സൂക്ഷ്മ പരിശോധന നടത്തേണ്ടതില്ല എന്ന് വ്യക്തമാക്കി 16.04.2021-ൽ തിരികെ നൽകിയിട്ടുണ്ട്. പ്രസ്തുത സ്റ്റോഴ്സ് പർച്ചേസ് മാന്വലിന്റെ കരട് തർജ്ജമ, ആവശ്യമായ മാറ്റങ്ങൾ വരുത്തി പദാനുപദ വിവർത്തനം എന്നതിലുപരി അർത്ഥം ചോർന്നുപോകാത്ത വിധം തർജ്ജമ നടത്തി കരട് ഒരിക്കൽ കൂടി സർക്കാരിൽ ലഭ്യമാക്കുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ്

ഡവലപ്മെന്റിന് 24.05.2021-ന് തിരികെ നല്കിയിരുന്നു. ആയത് 02.02.2022-ന് തിരികെ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

എന്നാൽ പ്രസ്തുത മലയാള പരിഭാഷ ചില ഭാഗങ്ങളിൽ അവ്യക്തമാണെന്നും യഥാർത്ഥ അർത്ഥം പ്രതിഫലിക്കാത്തതാണെന്നും സൂക്ഷ്മ പരിശോധനാവേളയിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള സാചര്യത്തിൽ സെന്റർ ഫോർ മാനേജ്മെന്റ് അധികൃതരുമായി കൂടിയാലോചന നടത്തിയ ശേഷം പരിഭാഷയിലെ അപാകതകൾ ദ്രുതഗതിയിൽ പരിഹരിച്ച് സർക്കാരിന് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് നിയമസഭാ സമിതി മുൻപാകെ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്."

പ്രസ്തുത ഇടക്കാല മറുപടി 12.01.2023-ൽ പരിഗണിച്ച സമിതി സ്റ്റോഴ്സ് പർച്ചേസ് മാന്വൽ 2013-ന്റെ മലയാള പരിഭാഷയിലെ അപാകതകൾ പരിഹരിച്ച് ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും കൂടാതെ വകുപ്പിന്റെ പേര് മലയാളത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആയത് സംബന്ധിച്ച് നടപടി റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു

13. <u>ഔദ്യോഗികഭാഷാ പ്രയോഗപുരോഗതിക്കായി 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടികൾ - സംബന്ധിച്ച്.</u>

(ഫയൽ നം.3715/ഔ.ഭാ.സ 2/2017/ലെജി.)

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ 30.06.2017-ലെ യോഗത്തിൽ ഓരോ വകുപ്പിലും, വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലും, ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി ലക്ഷ്യമിട്ട് 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടികളുടെ വിശദവിവരം ലഭ്യമാക്കുവാനും 16.05.2018-ലെ യോഗത്തിൽ 2016-17 സാമ്പത്തിക വർഷം ഔദ്യോഗികഭാഷാ പ്രയോഗപുരോഗതിക്കായി വിവിധ വകുപ്പുകൾക്ക് അനുവദിച്ച തുകയിൽ ഒരു രൂപ പോലും ചെലവഴിക്കാത്ത വകുപ്പുകളോടും 50%-ൽ താഴെ മാത്രം തുക ചെലവഴിച്ച വകുപ്പുകളോടും ആയതിനുള്ള വിശദീകരണം

ആരായുവാനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്മേൽ ജലവിഭവ വകുപ്പും, പരിസ്ഥിതി വകുപ്പും റിപ്പോർട്ടുകൾ ലഭ്യമാക്കിയിരുന്നു.

2016-17 വർഷം 50%-ൽ താഴെ മാത്രം തുക ചെലവാക്കിയത് സംബന്ധിച്ച് 13.11.2022 തീയതിയായി കത്ത് മുഖേന തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും (എ) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതിയുടെ 18.01.2023-ലെ യോഗത്തിൽ പരിഗണിക്കുകയും ഔദ്യോഗികഭാഷാ പ്രയോഗപുരോഗതിക്കായി ഉൾനാടൻ ജലഗതാഗത വകുപ്പിന് 2016-17 സാമ്പത്തിക വർഷം 25,000/- രൂപ വകയിരുത്തിയെങ്കിലും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് അനുവദിച്ച 7,000/- രൂപയുടെ കണക്ക് മാത്രമാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയതെന്ന് അഭിപ്രായപ്പെട്ട സമിതി ബാക്കി തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതുപ്രകാരം ടി വകുപ്പ് 05.06.2023-ലെ എ 1/146/2023/സി.എസ്.ഐ.എൻ.ഡി. നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ അധികവിവര റിപ്പോർട്ടിൽ ഔദ്യോഗികഭാഷാ പ്രയോഗപുരോഗതിക്കായി 2016-17 വർഷം ബജറ്റിൽ ഉൾനാടൻ ജലഗതാഗത വകുപ്പിന് 25,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും ബജറ്റ് അലോക്കേഷൻ ആൻഡ് മോണിറ്ററിംഗ് സിസ്റ്റം(BAMS) മുഖേന ആ വർഷം വകുപ്പിന് ആകെ അനുവദിച്ച് നൽകിയത് 7,000/- രൂപ മാത്രമാണ്. ടി തുകയാണ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വിനിയോഗിച്ചിട്ടുള്ളത്.

പ്രസ്തുത റിപ്പോർട്ട് 18.12.2023-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു..

30.06.2017-ലെ യോഗ നിർദ്ദേശ പ്രകാരം പരിസ്ഥിതി (ബി) വകുപ്പ് 18.08.2023 തീയതിയായി 291/ബി1/2017/പരി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി ലക്ഷ്യമിട്ട് 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടികൾ സംബന്ധിച്ച റിപ്പോർട്ടിൽ 2016-17 സാമ്പത്തിക വർഷം

ഔദ്യോഗികഭാഷാ പുരോഗതിക്കായി വകുപ്പിൽ തുക ഒന്നുംതന്നെ പ്രത്യേകമായി മാറ്റി വയ്ക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. എന്നിരിക്കിലും വകുപ്പിന്റെ നിയന്ത്രണാധികാരത്തിലുള്ള സ്ഥാപനങ്ങളിൽ ഔദ്യോഗികഭാഷാ പുരോഗതിക്കായി നടപടികൾ സ്വീകരിക്കുകയും ഭാഷാമാറ്റ പുരോഗതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽ കോടതി രേഖകൾ, കേന്ദ്ര സർക്കാരിലേക്കുള്ള കത്തുകൾ ഒഴികെയുള്ളവയുടെ കുറിപ്പുകൾ മലയാളത്തിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങളിലും മലയാളഭാഷാ വാരാചരണം സംഘടിപ്പിച്ച് വരുന്നു. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റിലെ 88% ഫയലുകളും ഈ കാലയളവിൽ മലയാളത്തിൽ ആയിരുന്നു കൈകാര്യം ചെയ്തിരുന്നത്. കൂടാതെ ഔദ്യോഗികഭാഷാ പ്രയോഗപുരോഗതിക്കായി ഐ.എം.ജി. മുഖേന ജീവനക്കാർക്ക് മലയാളം കമ്പ്യൂട്ടിംഗ് പരിശീലനവും ലഭ്യമാക്കിയിട്ടുണ്ട് എന്നറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 18.12.2023-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

14. <u>ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23) - ഔദ്യോഗികഭാഷാ പ്രയോഗപുരോഗതിക്കായി 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടി - 13.10.2022-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരത്തിന്മേൽ ലഭ്യമാക്കിയ റിപ്പോർട്ട് സംബന്ധിച്ച്.</u>

(ഫയൽ നം.1592/ഔ.ഭാ.സ 2/2018/ലെജി.)

ഔദ്യോഗികഭാഷാ പ്രയോഗപുരോഗതിക്കായി 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടി സംബന്ധിച്ച് കൃഷി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്മേൽ 03.01.2018-ലെ സമിതിയോഗം ആരാഞ്ഞ അധികവിവരത്തിന് വകുപ്പ് 27.06.2022-ലെ കത്ത് മുഖേന മറുപടി ലഭ്യമാക്കുകയും ആയത് 13.10.2022-ലെ സമിതിയോഗം പരിഗണിക്കുകയും മറുപടിയിൽ പരാമർശിച്ചിട്ടുള്ള പ്ലാന്റേഷൻ

കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, ഓയിൽപാം ഇന്ത്യ ലിമിറ്റഡ്, കേരഫെഡ് എന്നീ സ്ഥാപനങ്ങളിൽ തൊഴിലാളികളുമായി/ കർഷകരുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഉപയോഗിക്കുന്ന ഭാഷയെ സംബന്ധിച്ച വിശദീകരണം വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു. പ്രസ്തുത സമിതി നിർദ്ദേശത്തിന്മേൽ 02.06.2023-ലെ കൃഷി-പി.എസ്1/95/2020-കൃഷി നമ്പർ കത്ത് മുഖേന കൃഷി (പി.എസ്.) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ കോർപ്പറേഷനിലെ തൊഴിലാളികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനാവശ്യമായ കത്തിടപാടുകൾ മലയാള ഭാഷയിലാണ് നടത്തിവരുന്നതെന്ന് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡും തൊഴിലാളികളുമായി/കർഷകരുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് മലയാളഭാഷയാണ് ഉപയോഗിക്കുന്നതെന്ന് ഓയിൽപാം ഇന്ത്യ ലിമിറ്റഡും കേരഫെഡിന്റെ വിവിധ ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെയും തൊഴിലാളികളുടെയും വിഷയങ്ങളും, പച്ച തേങ്ങ സംഭരണവുമായി ബന്ധപ്പെട്ട് കർഷകരുമായി നടത്തുന്ന ആശയവിനിമയത്തിനും ഇടപാടുകൾക്കും മലയാളഭാഷയാണ് ഉപയോഗിക്കുന്നതെന്ന് കേരാഫെഡും അറിയിച്ചു.

പ്രസ്തുത റിപ്പോർട്ട് 18.12.2023-ലെ യോഗത്തിൽ പരിഗണിച്ച സമിതി അംഗീകരിച്ചു.

15. <u>ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23) - 'മാപ്പപേക്ഷ' എന്ന പദവും കാഴ്ചപ്പാടും ഉപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ബോബൻ മാട്ടുമന്ത സമർപ്പിച്ച ഹർജി.</u>

(ഫയൽ നം.8763/ഔ.ഭാ.സ 1/2022/ലെജി.)

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി മുമ്പാകെ 'മാപ്പപേക്ഷ' എന്ന പദവും കാഴ്ചപ്പാടും ഉപേക്ഷിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളണമെന്നാവശ്യപ്പെട്ട്

ശ്രീ. ബോബൻ മാട്ടുമന്ത, പാലക്കാട് സമർപ്പിച്ച ഹർജി 16.06.2022-ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും 'മാപ്പപേക്ഷ' എന്ന വാക്കിന് അടിമത്ത സ്വഭാവമോ അപരാധത്തിന്റെ സ്വഭാവമോ ഉള്ളതായി കാണുന്നില്ലായെന്നും 'മാപ്പപേക്ഷ' എന്ന വാക്കിനുപകരം ഉപയോഗിക്കാൻ സാധിക്കുന്ന പദത്തെക്കുറിച്ച് ഹർജിക്കാരൻ ഹർജിയിൽ ഒന്നും പരാമർശിച്ചിട്ടില്ല എന്നും വിലയിരുത്തുകയും പ്രസ്തുത ഹർജി സമിതിയുടെ അടുത്ത യോഗത്തിൽ വിശദമായ ചർച്ചയ്ക്കെടുക്കുവാൻ തീരുമാനിക്കുകയും ചെയ്തു. 10.08.2023-ലെ സമിതിയോഗം ടി പരാതി വീണ്ടും പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പിൽ നിന്നും അഭിപ്രായം ആരായാൻ തീരുമാനിക്കുകയും ചെയ്തു. സമിതി നിർദ്ദേശത്തിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ് 30.06.2023-ലെ എ.ആർ13-2/65/2023-പി.&എ.ആർ.ഡി. നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ ജനങ്ങൾ തങ്ങൾക്ക് അർഹതപ്പെട്ട അവകാശങ്ങൾ നേടിയെടുക്കുന്നതിൽ കാലതാമസം വരുത്തിയ സാഹചര്യത്തിൽ മാപ്പപേക്ഷിക്കണമെന്നത് പ്രാകൃതമാണെന്നും അതിനാൽ മാപ്പപേക്ഷ എന്ന പദവും കാഴ്ചപ്പാടും ഉപേക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ശ്രീ. ബോബൻ മാട്ടുമന്ത സമിതിക്ക് നൽകിയ ഹർജിയിൽ ആവശ്യപ്പെട്ടിരുന്നു. " കാലതാമസം മാപ്പാക്കുന്നതിന്" എന്നതിന് പകരം "കാലതാമസം പരിഗണിക്കാതെ അപേക്ഷയിൽ തീരുമാനമെടുക്കുന്നതിന്" എന്ന് ഉപയോഗിക്കാമെന്നും മാപ്പ്, മാപ്പപേക്ഷ, മാപ്പാക്കണം തുടങ്ങിയ വാക്കുകൾ നിർദ്ദിഷ്ട അപേക്ഷാ മാതൃകകളിൽ നിന്ന് നീക്കം ചെയ്യണമെന്നും എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നല്കിക്കൊണ്ട് 17.05.2023-ന് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 18.12.2023-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

16. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2016-19) ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.

(ഫയൽ നം. 719/ഔ.ഭാ.സ 1/2018/നി.സെ)

സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പി.എസ്.സി വഴിയല്ലാത്ത സ്ഥിരം/താത്കാലിക നിയമനം നടത്തുമ്പോൾ മലയാളം തുല്യതാ പരീക്ഷ പാസ്സായവരെ മാത്രമേ നിയമിക്കാവൂ എന്ന്, സമിതി (2016-19)-യുടെ ഒന്നാമത് റിപ്പോർട്ടിലെ 28-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ തൊഴിലും നൈപുണ്യവും(ജി) വകുപ്പും നികുതി വകുപ്പും റിപ്പോർട്ട് ലഭ്യമാക്കി തൊഴിൽ വകുപ്പ് 26.08.2022-ലെ LBRD-G2/204/2018-LBRD നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ തൊഴിൽ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ്സ് ലിമിറ്റഡിൽ (ഒഡെപെക്) പി.എസ്.സി. വഴിയല്ലാത്ത സ്ഥിരം/ താൽക്കാലിക നിയമനങ്ങളിൽ മലയാളം തുല്യതാ പരീക്ഷ പാസായവരെ മാത്രമേ നിയമിക്കാവൂ എന്ന നിബന്ധന പാലിക്കുന്നുണ്ടെന്ന് അറിയിച്ചിരുന്നു.

**നികുതി (എ) വകുപ്പ് 02.07.2022 ലെ എ 1/73/2018-നികുതി നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.**

"കെ.എസ്.ബി.സി.യിൽ ജനറൽ മാനേജർ (ഫിനാൻസ്), അക്കൗണ്ട് ഓഫീസർ, കമ്പനി സെക്രട്ടറി എന്നീ തസ്തികകളിലാണ് പി.എസ്.സി വഴിയല്ലാതെ സ്ഥിരനിയമനം നല്കുന്നത്. എസ്.എസ്.എൽ.സി പരീക്ഷയിൽ മലയാളം ഭാഷാ വിഷയമായി പഠിച്ചിട്ടുള്ളവരെയാണ് നിലവിൽ ടി തസ്തികകളിൽ നിയമിച്ചിട്ടുള്ളത്. ഭാവിയിൽ മലയാള ഭാഷ വിഷയമായി പഠിച്ചിട്ടുള്ളവരെയോ തുല്യതാ പരീക്ഷ പാസായവരെയോ മാത്രമേ ടി തസ്തികകളിൽ നിയമിക്കാവൂ എന്ന നിബന്ധന കൂടി ഉൾപ്പെടുത്തി സർവ്വീസ് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണ്. കൂടാതെ ഓഫീസ്/ഷോപ്പ് അറ്റൻഡന്റ് തസ്തികയിലും സ്വീപ്പർ തസ്തികയിലും താല്ക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തുന്നുണ്ട്. നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം സ്വീപ്പർ തസ്തികയുടെ യോഗ്യത എഴുത്തും വായനയും അറിഞ്ഞിരിക്കണം എന്നതും ഹെൽപ്പർ തസ്തികയുടെ യോഗ്യത 7-ാം ക്ലാസ് പാസാകണം എന്നതുമാണ്. ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി നിർദ്ദേശിച്ച പ്രകാരം ടി രണ്ട് തസ്തികകളിലും മലയാള ഭാഷ തുല്യതാ പരീക്ഷ പാസായവരെ മാത്രമേ നിയമിക്കാവൂ എന്ന നിബന്ധനകൂടി ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിരിക്കുന്നു."

പ്രസ്തുത റിപ്പോർട്ടുകൾ 04.04.2023 ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

17. <u>ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2019-21) - 15.05.2019-ലെ യോഗനിർദ്ദേശം സർഫാസി നിയമവുമായി ബന്ധപ്പെട്ട ചോദ്യാവലിക്കുള്ള മറുപടി സംബന്ധിച്ച്.</u>

(ഫയൽ നം: 3462/ഔ.ഭാ.സ 2/2019/നി.സെ)

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ 15.05.2019-ലെ യോഗം, ബാങ്ക് ലോണുമായി ബന്ധപ്പെട്ട എഗ്രിമെന്റുകൾ, സർഫാസി ആക്ട് തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ സൂചക കുറിപ്പ് സാധാരണക്കാർക്ക് മനസ്സിലാക്കുന്നതിനായി നൽകുന്നതിലെ പ്രായോഗികത വിലയിരുത്തുന്നതിനായി 5 ചോദ്യങ്ങളടങ്ങിയ ഒരു ചോദ്യാവലി തയ്യാറാക്കി ധനകാര്യ വകുപ്പ്, സഹകരണ വകുപ്പ്, നിയമവകുപ്പ്, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് സമിതി എന്നീ സ്ഥാപനങ്ങൾക്ക് അയച്ചു കൊടുത്ത് മറുപടി ലഭ്യമാക്കാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതിനും തീരുമാനിച്ചു. ആയതിൻ പ്രകാരം സമിതി അംഗീകരിച്ച ചോദ്യാവലി വകുപ്പുകൾ/സ്ഥാപനങ്ങൾക്ക് 26.08.2019 തീയതിയായി അയച്ചുകൊടുത്തിരുന്നു.

പ്രസ്തുത ചോദ്യാവലിയ്ക്ക് 19.12.2019, 20.03.2020 തീയതികളിലെ കത്തുകൾ മുഖേന യഥാക്രമം ധനകാര്യം, നിയമം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ 23.03.2022-ലെ സമിതി യോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട വിശദാംശങ്ങളടങ്ങിയ സൂചക കുറിപ്പ് സാധാരണക്കാർക്ക് മനസ്സിലാക്കുന്നതിനായി മലയാളത്തിൽ തയ്യാറാക്കി നൽകുന്നതിന് ലീഡ് ബാങ്കിനും സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്കും നിർദേശം നൽകുന്നതിനായി ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് നിർദേശിക്കുകയും ചെയ്തിരുന്നു. അതിൻ പ്രകാരം പ്രസ്തുത വിവരം 13.04.2022 തീയതിയിലെ കത്ത് മുഖേന ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സമിതിയുടെ 15.05.2019-ലെ യോഗ തീരുമാനവുമായി ബന്ധപ്പെട്ട് അയച്ചുകൊടുത്ത ചോദ്യാവലിയിന്മേൽ സഹകരണ (ബി) വകുപ്പ് 13.12.2022 ലെ B1/334/2019-Co-Op നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1. ബാങ്ക് ലോണുമായി ബന്ധപ്പെട്ട എഗ്രിമെന്റുകൾ, സർഫാസി ആക്ട് തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങളടങ്ങിയ സൂചകക്കുറിപ്പ് സാധാരണക്കാർക്ക് മനസ്സിലാക്കുന്നതിനായി മലയാളത്തിൽ തയ്യാറാക്കി നല്കുവാൻ സാധിക്കുമോ? എത്രത്തോളം പ്രായോഗികതയുള്ള വിഷയമാണിത്.

ബാങ്ക് വായ്പയുമായും മറ്റും ബന്ധപ്പെട്ട എഗ്രിമെന്റുകൾ, സർഫാസി നടപടികൾ എന്നിവ നിലവിൽ ഇംഗ്ലീഷ് ഭാഷയിലാണ് കൈകാര്യം ചെയ്തുവരുന്നത്. ആയവയുടെ വിവരങ്ങൾ മലയാളത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് നിർദ്ദേശം നൽകുന്നതാണ്.

2. ഭാഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ബാങ്കിംഗ് മേഖലയിൽ രൂക്ഷമായ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട് എന്ന അഭിപ്രായമുണ്ടോ? ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കാമോ?

സഹകരണ സംഘം രജിസ്ട്രാറുടെ അധികാര പരിധിയിൽ വരുന്ന ബാങ്കുകളിലെ വിവിധ അപേക്ഷ ഫോമുകളിൽ ഇംഗ്ലീഷിനൊപ്പം മലയാളംകൂടി ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശം രജിസ്ട്രാർക്ക് ഇതിനകം നൽകിയിട്ടുണ്ട്.

3. സർക്കാർ വകുപ്പുകൾ എല്ലാംതന്നെ ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് ജനങ്ങൾക്ക് വളരെ എളുപ്പത്തിൽ കാര്യങ്ങൾ മനസ്സിലാക്കുവാൻ സഹായകമാണ്. ഇത്തരത്തിൽ ബാങ്കുകളിലെ നോട്ടീസ് ബോർഡുകൾ, ഡിസ്പ്ലേ ബോർഡ് എന്നിവിടങ്ങളിൽ ഇംഗ്ലീഷിൽ നിർദ്ദേശങ്ങൾ പ്രദർശിപ്പിക്കുന്നതോടൊപ്പം മലയാളത്തിലും നിർദ്ദേശങ്ങൾ പ്രദർശിപ്പിക്കുവാൻ സാധിക്കുമോ.

ബാങ്കുകളിലെ നോട്ടീസ് ബോർഡുകൾ, ഡിസ്പ്ലേ ബോർഡുകൾ എന്നിവയിൽ ഇംഗ്ലീഷ് നിർദ്ദേശങ്ങളോടൊപ്പം മലയാളത്തിലും രേഖപ്പെടുത്തി പ്രദർശിപ്പിക്കുന്നതിന് രജിസ്ട്രാർക്ക് നിർദ്ദേശം നിൽകുന്നതാണ്. കൂടാതെ ബാങ്കിംഗ് മേഖല സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനായി ഡിജിറ്റൽ ബാങ്കിംഗ് സംവിധാനത്തിൽ ഉചിതമായ മലയാളം വാക്കുകൾ കൂടി ഉപയോഗിക്കുന്നതിനുള്ള പ്രായോഗിക പ്രശ്നം പരിശോധിക്കുന്നതാണ്.

4. ബാങ്കിംഗ് മേഖലയിൽകൂടി മലയാളം ഉൾപ്പെടുത്തുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്നതിനായുള്ള സർക്കാർ നടപടികളിൽ ഏതൊക്കെ വിധത്തിൽ സംഭാവനകൾ നല്കാൻ കഴിയും? വിശദമാക്കാമോ.

'ബാങ്കിംഗ്' യൂണിയൻ വിഷയമാണ്, ആയതിനാൽ നിയമ നിർമ്മാണം പാർലമെന്റിൽ അർപ്പിതമാണ്.

5.സർഫാസി നിയമവുമായി ബന്ധപ്പെട്ട സൂചകങ്ങൾ മലയാളത്തിൽ കൊണ്ടുവരുന്നതിനോടൊപ്പം സാധാരണക്കാർക്ക് ഉപയോഗപ്രദമാകുന്ന തരത്തിൽ മലയാള ഭാഷയെ ബാങ്കിംഗിന്റെ കൂടുതൽ മേഖലകളിലേയ്ക്ക് എത്തിക്കുവാനുള്ള സാഹചര്യം നിലവിലുണ്ടോ? വ്യക്തമാക്കാമോ.

സർഫാസി നിയമവുമായി ബന്ധപ്പെട്ട പല കാര്യങ്ങളിലും ഇംഗ്ലീഷ് ഭാഷയോടൊപ്പം, ശരിയായ പ്രചാരത്തിലുള്ള മലയാള പദങ്ങൾ ലഭ്യമാക്കി കൃത്യമായ മലയാള പദങ്ങളും, സൂചകങ്ങളും ലഭ്യമാക്കിയാൽ ബാങ്കിലെ ജീവനക്കാർ, ശാഖകൾ, മറ്റ് മാർഗ്ഗങ്ങൾ എന്നിവ വഴി ഇടപാടുകാരിലേക്ക് വേണ്ട രീതിയിൽ പ്രചാരണം നൽകുന്നത് ഇടപാടുകാർക്ക് പ്രയോജനപ്രദമാകുമെന്നതിനാൽ, ആയത് സഹകരണ ബാങ്കിംഗ് മേഖലയിൽ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കാൻ സഹകരണ സംഘം രജിസ്ട്രാർക്ക് നിർദ്ദേശം നൽകുന്നതാണ്.

പ്രസ്തുത റിപ്പോർട്ട് 04.04.2023 ലെ യോഗത്തിൽ പരിഗണിച്ച സമിതി റിപ്പോർട്ട് അംഗീകരിച്ചു.

18. <u>ചിറക്കര ഗ്രാമപഞ്ചായത്തിൽ നിന്നും വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കിയ മറുപടി മലയാളത്തിൽ നൽകാത്തതിനെ സംബന്ധിച്ച് ശ്രീ. സതീശൻ കെ. സമർപ്പിച്ച പരാതിയെ സംബന്ധിച്ച്</u>

(ഫയൽ നമ്പർ 18068/ഔ.ഭാ.സ 1/2021/നി.സെ.)

ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം, ചിറക്കര ഗ്രാമപഞ്ചായത്തിൽ നിന്നും തൊഴിലുറപ്പ് പദ്ധതിയുടെ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിരുന്നു എന്നും ടി എസ്റ്റിമേറ്റ് ടിയാന് ഇംഗ്ലീഷിലാണ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയതെന്നും ഇത്തരത്തിൽ ആവശ്യപ്പെടുന്ന വിവരങ്ങളും കത്തിടപാടുകളും മാതൃഭാഷയിൽത്തന്നെ നൽകണമെന്ന്, ടി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് കർശന നിർദ്ദേശം നൽകണമെന്നാണ് ഹർജിയിലെ ആവശ്യം. ടി പരാതി 24.11.2021-ലെ സമിതിയുടെ യോഗത്തിൽ പരിഗണിക്കുകയും ടി വിഷയത്തിന്മേലുള്ള റിപ്പോർട്ട് ലഭ്യമാക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആയതിന്മേൽ 20.08.2022 തീയതിയായി തദ്ദേശസ്വയംഭരണ (ഡി.ഡി.) വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ശ്രീ. സതീശൻ കെ. നിയമസഭയുടെ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി മുൻപാകെ സമർപ്പിച്ച ഹർജിയുടെ അടിസ്ഥാനത്തിൽ

ഹർജിക്കാരൻ ആവശ്യപ്പെട്ട ഉളിയനാട് വാർഡിലെ 'പാണിയിൽ തോട് നവീകരണം' എന്ന പ്രവൃത്തിയുടെ മലയാള ഭാഷയിലുള്ള എസ്റ്റിമേറ്റ് ഗ്രാമ പഞ്ചായത്തിൽ നിന്ന് നേരിട്ടും രജിസ്റ്റേഡ് പോസ്റ്റായും പരാതിക്കാരന് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് 18.01.2023-ലെ യോഗത്തിൽ പരിഗണിച്ച സമിതി റിപ്പോർട്ട് അംഗീകരിക്കുകയും റിപ്പോർട്ട് വിവരം ഹർജിക്കാരനെ അറിയിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

കൂടാതെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന രേഖകൾ മലയാളത്തിലായിരിക്കണമെന്ന സർക്കാർ നിർദേശം പാലിക്കാതെ അവ മറ്റു ഭാഷകളിൽ പുറപ്പെടുവിച്ചു കൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾക്കെതിരെയുള്ള പരാതികൾ നേരിട്ട് കേരള നിയമസഭ ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി മുമ്പാകെ സമർപ്പിക്കാവുന്നതാണെന്ന അറിയിപ്പ് പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി നിർദേശിച്ചു.

19. <u>ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി(2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്.</u>

(ഫയൽ നമ്പർ 23564/ഔ.ഭ.സ 2/2023/നി.സെ.)

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി(2021-23)യുടെ ഒന്നാമത് റിപ്പോർട്ടിലെ (2019 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്) പൊതുനിർദേശങ്ങളിന്മേൽ/ശിപാർശകളിന്മേൽ നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് 18.11.2022 തീയതിയിലെ കത്ത് മുഖേന ആവശ്യപ്പെടുകയുണ്ടായി.

പ്രസ്തുത റിപ്പോർട്ടിലെ സമിതിയുടെ വിവിധ ശിപാർശകളിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ ചുവടെ ചേർക്കുന്നു.

## ശിപാർശ (നം. 10)

സംസ്ഥാനത്തെ എല്ലാ ഓഫീസുകളുടെയും/വിഭാഗങ്ങളുടെയും പേര്, ഓഫീസർമാരുടെ പേര്, ഉദ്യോഗപേര് എന്നിവ മലയാളത്തിൽ പ്രദർശിപ്പിക്കേണ്ടതാണ്.

## സ്വീകരിച്ച നടപടി

### ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

ഔദ്യോഗികഭാഷാ വകുപ്പിൽ ഓഫീസർമാരുടെ പേര്/ ഉദ്യോഗപ്പേര് എന്നിവ മലയാളത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. ഒ.എൽ.3/13/2022/പി&എ.ആർ.ഡി. തീയതി 27.02.2023)

### തീരദേശകപ്പൽഗതാഗതവും ഉൾനാടൻ ജലഗതാഗതവും (എ) വകുപ്പ്

ഇൻലാന്റ് നാവിഗേഷൻ വകുപ്പിൽ ഓഫീസുകളുടെയും /വിഭാഗങ്ങളുടെയും പേര്, ഓഫീസർമാരുടെ പേര്/ഉദ്യോഗപേര് എന്നിവ മലയാളത്തിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

ഈ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ (കെ.എസ്.ഐ.എൻ.സി)-ന്റെ പ്രവേശന കവാടത്തിൽ സ്ഥാപനത്തിന്റെ പേര് മലയാളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കമ്പനിയിലെ ഓഫീസർമാരുടെ പേര്/ ഉദ്യോഗപ്പേര് എന്നിവ മലയാളത്തിൽ പ്രദർശിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. എ 1/342/2022/സി.എസ്.ഐ.എൻ.ഡി. തീയതി 10.04.2023)

## പിന്നാക്കവിഭാഗ വികസന വകുപ്പ്

പിന്നാക്ക വിഭാഗ വികസന വകുപ്പിന് ഡയറക്ടറേറ്റ് ഉൾപ്പെടെ 5 ഓഫീസുകളാണ് ഉള്ളത്. ടി ഓഫീസുകളുടേയും, ഓഫീസർമാരുടെ പേര്, ഉദ്യോഗ പേര് എന്നിവ മലയാളത്തിലാണ് പ്രദർശിപ്പിച്ചിട്ടുള്ളത്.

(സർക്കാർ കത്ത് നം. ബി2/246/2022/പി.വി.വി.വ. തീയതി 19.04.2023)

## ശിപാർശ (നം. 11)

സേവനാവകാശം/വിവരാവകാശം സംബന്ധിച്ച അറിയിപ്പുകളും മറ്റ് പൊതു നിർദ്ദേശങ്ങളും സാധാരണക്കാർക്ക് വ്യക്തമാക്കുന്ന വിധം മലയാളത്തിൽ പ്രദർശിപ്പിക്കുക. എല്ലാ നാമഫലകങ്ങളിലും മലയാളം കൂടി ഉൾപ്പെടുത്തുക.

## സ്വീകരിച്ച നടപടി

### ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

ഔദ്യോഗികഭാഷാ വകുപ്പിൽ സേവനാവകാശം /വിവരാവകാശം സംബന്ധിച്ച അറിയിപ്പുകളും നാമഫലകങ്ങളും മലയാളത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. ഒ.എൽ.3/13/2022/പി&എ.ആർ.ഡി. തീയതി 27.02.2023)

### തീരദേശകപ്പൽഗതാഗതവും ഉൾനാടൻ ജലഗതാഗതവും (എ) വകുപ്പ്

സേവനാവകാശം/വിവരാവകാശം സംബന്ധിച്ച അറിയിപ്പുകളും മറ്റ് പൊതുനിർദ്ദേശങ്ങളും മലയാളത്തിലാണ് പ്രദർശിപ്പിച്ചിരിക്കുന്നത്. എല്ലാ നാമഫലകങ്ങളും മലയാളത്തിലാണുള്ളത്.

കെ.എസ്.ഐ.എൻ.സി.യിൽ വിവരാവകാശം സംബന്ധിച്ച മറുപടി കമ്പനിയിൽ നിന്നും നൽകുന്ന മറ്റ് അറിയിപ്പുകൾ, പൊതു നിർദ്ദേശങ്ങൾ തുടങ്ങിയവ

പൂർണ്ണമായും മലയാളത്തിലാണ് തയ്യാറാക്കുന്നത്. എല്ലാ നാമഫലകങ്ങളിലും മലയാളം കൂടി ഉൾപ്പെടുത്തുന്നതിന് വേണ്ടിയുള്ള നടപടി കമ്പനി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നം. എ 1/342/2022/സി.എസ്.ഐ.എൻ.ഡി. തീയതി 10.04.2023)

**പിന്നാക്കവിഭാഗ വികസന വകുപ്പ്**

സേവനാവകാശം/ വിവരാവകാശം സംബന്ധിച്ച അറിയിപ്പുകളും നിർദ്ദേശങ്ങളും മറ്റ് നാമഫലകങ്ങളും സാധാരണക്കാർക്ക് വ്യക്തമാകുന്ന വിധം മലയാളത്തിലാണ് പ്രദർശിപ്പിച്ചിരിക്കുന്നത്.

(സർക്കാർ കത്ത് നം. ബി2/246/2022/പി.വി.വി.വ. തീയതി 19.04.2023)

**ശിപാർശ (നം. 12)**

സർക്കാർ വാഹനങ്ങളിൽ വകുപ്പിന്റെ പേര് മലയാളത്തിലും പ്രദർശിപ്പിക്കുക.

**സ്വീകരിച്ച നടപടി**

**ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്**

വകുപ്പിന്റെ ഔദ്യോഗിക വാഹനത്തിൽ, വകുപ്പിന്റെ പേര് മുൻവശത്ത് മലയാളത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. ഒ.എൽ.3/13/2022/പി&എ.ആർ.ഡി. തീയതി 27.02.2023)

**തീരദേശകപ്പൽഗതാഗതവും ഉൾനാടൻ ജലഗതാഗതവും (എ) വകുപ്പ്**

ഇൻലാന്റ് നാവിഗേഷൻ വകുപ്പിലെ വാഹനത്തിൽ വകുപ്പിന്റെ പേര് മലയാളത്തിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

കെ.എസ്.ഐ.എൻ.സി.യുടെ എല്ലാ വാഹനങ്ങളിലും കമ്പനിയുടെ പേര് മലയാളത്തിൽ പ്രദർശിപ്പിക്കുന്നതാണ്.

(സർക്കാർ കത്ത് നം. എ 1/342/2022/സി.എസ്.ഐ.എൻ.ഡി. തീയതി 10.04.2023)

## പിന്നാക്കവിഭാഗ വികസന വകുപ്പ്

വകുപ്പിന്റെ ഔദ്യോഗിക വാഹനത്തിലും വകുപ്പിന്റെ മറ്റ് ഓഫീസുകളിലെ കരാർ വാഹനങ്ങളിലും വകുപ്പിന്റെ പേര് ഇംഗ്ലീഷിലും മലയാളത്തിലും പ്രദർശിപ്പിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. ബി2/246/2022/പി.വി.വി.വ. തീയതി 19.04.2023)

## ശിപാർശ (നം. 13)

പൊതുജനങ്ങൾ ഉപയോഗിക്കുന്ന എല്ലാത്തരത്തിലുമുള്ള സർക്കാർ ഫാറങ്ങളും നിർദ്ദേശങ്ങളും ഇംഗ്ലീഷിലും മലയാളത്തിലും പ്രിന്റ് ചെയ്യുക.

## സ്വീകരിച്ച നടപടി

## ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

സംസ്ഥാനത്ത് ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കുന്നതിന്റെ ഭാഗമായി ഭാഷാന്യൂനപക്ഷങ്ങൾക്ക് നിലവിലുള്ള അവകാശങ്ങൾ നിലനിറുത്തിക്കൊണ്ട് വിവിധ സർക്കാർ വകുപ്പുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷാരീതിയിലായിരിക്കണമെന്ന് ജി.ഒ.(എം.എസ്.)നം. 8/2018/പി&എആർഡി തീയതി 06.03.2018 പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 04.05.2022 ന് ചേർന്ന ഔദ്യോഗികഭാഷ സംബന്ധിച്ച സംസ്ഥാനതല സമിതിയോഗത്തിൽ, പൊതുജനങ്ങൾക്ക് നൽകിവരുന്ന എല്ലാ ഫാറങ്ങളും സർട്ടിഫിക്കറ്റുകളും ദ്വിഭാഷയിലാക്കുന്നതിന് പകരം സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്കുള്ള ഫാറങ്ങൾ, സർട്ടിഫിക്കറ്റുകൾ എന്നിവ

ഭാഷാന്യൂനപക്ഷങ്ങൾക്കുള്ള അവകാശങ്ങൾ നിലനിറുത്തിക്കൊണ്ട് മലയാളത്തിൽമാത്രം അച്ചടിച്ചാൽ മതിയെന്ന് തീരുമാനിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവ് ഭേദഗതി വരുത്തി ഭാഷാന്യൂനപക്ഷങ്ങൾക്കുള്ള ഭാഷാവകാശങ്ങൾ നിലനിറുത്തിക്കൊണ്ട്, സംസ്ഥാനത്തിനുള്ളിലെ ആവശ്യങ്ങൾക്കുള്ള ഫാറങ്ങളും സർട്ടിഫിക്കറ്റുകളും മലയാളത്തിൽമാത്രം അച്ചടിച്ചാൽ മതിയെന്ന് നിർദ്ദേശം നൽകിക്കൊണ്ട് ജി.ഒ.എം.എസ്.)നം.12/2022/പി&എആർഡി തീയതി 09.06.2022 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സർക്കാർ കത്ത് നം. ഒ.എൽ.4/1/2023/പി&എ.ആർ.ഡി. തീയതി 28.03.2023)

## തീരദേശ കപ്പൽഗതാഗതവും ഉൾനാടൻ ജലഗതാഗതവും (എ) വകുപ്പ്

ഇൻലാന്റ് നാവിഗേഷൻ വകുപ്പിൽ പൊതുജനങ്ങൾക്ക് നേരിട്ട് നല്കുന്ന സേവനങ്ങൾ കുറവാണ്. കോൺട്രാക്ടറുടെ ലൈസൻസ്, നാടൻ വള്ളങ്ങളുടെ ലൈസൻസ് എന്നിവയാണ് വകുപ്പിൽ നിന്നും നല്കി വരുന്ന സേവനങ്ങൾ. ഇറിഗേഷൻ ഇൻലാന്റ് നാവിഗേഷൻ വകുപ്പുകൾക്ക് പൊതുവായാണ് ഫാറങ്ങൾ പ്രിന്റ് ചെയ്യുന്നതെന്നതിനാൽ ബന്ധപ്പെട്ട ഫാറങ്ങൾ മലയാളത്തിലാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഇറിഗേഷനും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ഐ.എൻ.സി.-ൽ നിന്നും നൽകുന്ന ഫാറങ്ങളും സർട്ടിഫിക്കറ്റുകളും കഴിയുന്നത്ര മലയാളത്തിലാക്കിയിട്ടുണ്ട്.

(സർക്കാർ കത്ത് നം. എ 1/342/2022/സി.എസ്.ഐ.എൻ.ഡി. തീയതി 10.04.2023)

**പിന്നാക്കവിഭാഗ വികസന വകുപ്പ്**

വകുപ്പ് മുഖേന പൊതുജനങ്ങൾക്ക് നൽകി വരുന്ന ഫാറങ്ങളും നിർദ്ദേശങ്ങളും മലയാളത്തിൽ തന്നെയാണ് നിലവിൽ നൽകി വരുന്നത്. ആയവ കാലാനുസൃതമായി ലളിതവത്കരിക്കുന്നുണ്ട്.

(സർക്കാർ കത്ത് നം. ബി2/246/2022/പി.വി.വി.വ. തീയതി 19.04.2023)

**ശിപാർശ (നം. 14)**

ഓരോ വകുപ്പുകളും സ്ഥാപനങ്ങളും പ്രത്യേകമായി ഉപയോഗിക്കുന്ന വാക്കുകൾ/ സംജ്ഞകൾ ഉൾപ്പെടുത്തി ഭരണ പദാവലി പ്രസിദ്ധീകരിക്കുക.

**സ്വീകരിച്ച നടപടി**

**തീരദേശകപ്പൽഗതാഗതവും ഉൾനാടൻ ജലഗതാഗതവും (എ) വകുപ്പ്**

ഇറിഗേഷൻ/ഇൻലാന്റ് നാവിഗേഷൻ വകുപ്പുകൾ പ്രത്യേകമായി ഉപയോഗിക്കുന്ന വാക്കുകൾ/സംജ്ഞകൾ ഉൾപ്പെടുത്തി ഭരണപദാവലി പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഇറിഗേഷനും ഭരണവും ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കെ.എസ്.ഐ.എൻ.സി.-യിൽ ഉപയോഗിച്ചു വരുന്ന വാക്കുകൾ/സംജ്ഞകൾ ഉൾപ്പെടുത്തി ഭരണ പദാവലി പ്രസിദ്ധീകരിക്കാനുള്ള നടപടികൾ കമ്പനി സ്വീകരിക്കുന്നതാണ്.

(സർക്കാർ കത്ത് നം. എ 1/342/2022/സി.എസ്.ഐ.എൻ.ഡി. തീയതി 10.04.2023)

**പിന്നാക്കവിഭാഗ വികസന വകുപ്പ്**

പിന്നാക്ക വിഭാഗ വികസന വകുപ്പിന് പ്രത്യേകമായി ഉപയോഗിക്കുന്ന വാക്കുകൾ/ സംജ്ഞകൾ ഒന്നും തന്നെയില്ലാത്തതിനാൽ ഭരണ പദാവലി പ്രസിദ്ധീകരിക്കേണ്ട സാഹചര്യമില്ല.

(സർക്കാർ കത്ത് നം. ബി2/246/2022/പി.വി.വി.വ. തീയതി 19.04.2023)

പ്രസ്തുത റിപ്പോർട്ടുകൾ 03.07.2023-ൽ പരിഗണിച്ച സമിതി 10, 11, 12, 13 ഖണ്ഡികകളിൽ ഉദ്യോഗസ്ഥ ഭരണ-പരിഷ്കാര വകുപ്പും പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പും ലഭ്യമാക്കിയ റിപ്പോർട്ടുകൾ അംഗീകരിക്കുകയും തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ കൈവരിച്ച പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്ന് വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

കൂടാതെ ഖണ്ഡിക 14-ലെ ശിപാർശയിന്മേൽ പിന്നാക്ക വികസന വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിൽ ഭരണ പദാവലി പ്രസിദ്ധീകരിക്കേണ്ട സാഹചര്യമില്ലെന്ന് അറിയിച്ചിരിക്കുന്നതിനാൽ പ്രസ്തുത വകുപ്പിന് പ്രത്യേകമായി ഉപയോഗിക്കുന്ന വാക്കുകൾ/സംജ്ഞകൾ ഉണ്ടോയെന്ന് വകുപ്പിന്റെ ഭരണ റിപ്പോർട്ട് പരിശോധിച്ച് ഉറപ്പുവരുത്താൻ നിയമസഭാ സെക്രട്ടേറിയറ്റിനെ ചുമതലപ്പെടുത്തി.

20. <u>വാഹന പരിശോധനയുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽ നിന്ന് ലഭിക്കുന്ന രസീതുകൾ മലയാളത്തിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ബോബൻ മാട്ടുമന്ത, പാലക്കാട് സമർപ്പിച്ച ഹർജി സംബന്ധിച്ച്</u>

(ഫയൽ നമ്പർ 8171/ഔ.ഭ.സ 2/2023/ലെജി.)

ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി മുമ്പാകെ, വാഹന പരിശോധനയുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന രസീതുകൾ മലയാളത്തിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ബോബൻ മാട്ടുമന്ത, പാലക്കാട് സമർപ്പിച്ച ഹർജി, 07.06.2023-ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും പ്രസ്തുത ഹർജിയിന്മേലുള്ള വിശദമായ മറുപടി ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

സമിതി നിർദ്ദേശത്തിന്മേൽ ആഭ്യന്തര (ഇ) വകുപ്പ് 19.06.2024 തീയതിയിലെ ഇ 3/263/2023/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ, വാഹന പരിശോധന വേളയിൽ നൽകുന്ന രസീത് PoS (Point of Sale) മെഷീനുകളിൽ നിന്നുള്ളവയാണ്. അതൊരു തെർമൽ പ്രിന്റർ ആയതിനാൽ രണ്ടാഴ്ചയിൽ താഴെയാണ് കാലാവധി. ഈ രസീതിൽ വളരെ പ്രധാനപ്പെട്ട വിവരങ്ങൾ (ചലാൻ നമ്പർ, വാഹന നമ്പർ, പേയ്മെന്റ്, നയിക്കുന്ന ലിങ്ക്, ചെയ്ത കുറ്റം തുടങ്ങിയവ) മാത്രമേ ഉണ്ടാവുകയുള്ളൂ. ആയത് പ്രാഥമിക രസീതാണ്. സമഗ്രമായ രസീത് https://echallan.parivahan.gov.in/index/accused-challan എന്ന സൈറ്റിൽ നിന്നും ലഭ്യമാണ്. ടി ലിങ്ക് പ്രാഥമിക രസീതിലും നൽകിയിട്ടുണ്ട്. കൂടാതെ ചലാൻ നൽകുമ്പോൾ തന്നെ വാഹന ഉടമയുടെ അംഗീകൃത മൊബൈൽ നമ്പറിലേക്ക് ചലാന്റെ വിവരങ്ങളും മേൽ പറഞ്ഞ ലിങ്കും ലഭ്യമാകുന്നുണ്ട്. സമഗ്രമായ രസീതിൽ ചലാനുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും അടങ്ങിയിട്ടുണ്ടാകും. ടി രസീത് മലയാളത്തിലും ഇംഗ്ലീഷിലും ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിച്ചിരിക്കുന്നു.

പ്രസ്തുത മറുപടി 29.11.2024-ലെ യോഗത്തിൽ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

21. <u>2017 മെയ് 01-ന് ശേഷം ഇംഗ്ലീഷിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന 04.09.2019-ലെ യോഗനിർദ്ദേശം - ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്</u>

(ഫയൽ നമ്പർ. 364 /ഔ.ഭാ.സ.1/ 2020/നി.സെ.)

പ്രസ്തുത വിഷയത്തിന്മേൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് 07.06.2022-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച 10.08.2022-ലെ സമിതിയോഗം കേന്ദ്രത്തിന്റെ കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്റ്റിന്റെ മലയാള പരിഭാഷ നിലവിൽ വന്നിട്ടുണ്ടോ എന്നും വന്നിട്ടില്ലായെങ്കിൽ നിർബന്ധമായും പ്രസ്തുത ആക്റ്റ്

പരിഭാഷപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നും നിയമ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. തുടർന്ന് നിയമ(ഭരണ 1)വകുപ്പ് 21.12.2022-ലെ AD-1(3)/242/2022-LAW നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് സമിതി പരിഗണിക്കുകയും 'കൺസ്യൂമർ പ്രൊട്ടക്ഷൻ ആക്റ്റ്, 2019'-ന്റെ മലയാള പരിഭാഷയ്ക്ക് കേന്ദ്ര ഔദ്യോഗികഭാഷാ വിഭാഗത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും അംഗീകാരം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വകുപ്പിനോട് ആരായുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു.

തുടർന്ന് നിയമ(ഭരണ 1)വകുപ്പ് 13.03.2024-ലെ AD-1(3)/242/2022-LAW നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ, കേരള ഔദ്യോഗികഭാഷ (നിയമനിർമ്മാണ) കമ്മിഷനിൽ, കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന മുൻഗണന പട്ടികയുടെ അടിസ്ഥാനത്തിലാണ് കേന്ദ്ര ആക്റ്റുകൾ മലയാളത്തിൽ പരിഭാഷപ്പെടുത്തിവരുന്നത്. മുൻഗണനാപ്പട്ടികയിലുള്ള ആക്റ്റുകൾ കമ്മീഷൻ സൂക്ഷ്മപരിശോധന നടത്തി അംഗീകരിച്ച് കേന്ദ്ര ഒ.എൽ. വിംഗിലേക്ക് അയച്ചുകൊടുക്കുകയും തുടർന്ന് വർക്കിംഗ് ഗ്രൂപ്പ് യോഗം ചർച്ച ചെയ്ത് ടി വിംഗിന്റെ അംഗീകാരത്തിനുശേഷം സൈൻ മാന്വൽ തയ്യാറാക്കി ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തോടെ കേന്ദ്ര ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ചതിന് ശേഷം പരിഭാഷപ്പെടുത്തിയ കേന്ദ്ര ആക്റ്റുകൾ പൊതുജനങ്ങൾക്കായി പുസ്തക രൂപത്തിൽ തയ്യാറാക്കിയാണ് കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷന്റെ വില്പന വിഭാഗം വഴി വില്പന നടത്തി വരുന്നതെന്നും കേന്ദ്ര ഔദ്യോഗിക ഭാഷ വിഭാഗം അയച്ച് നൽകിയിട്ടുള്ള 2019-ലെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള നിയമമാണ് ഉപഭോക്തൃ സംരക്ഷണ ആക്റ്റ്, 2019. ടി ആക്റ്റ് കേരള ഔദ്യോഗികഭാഷ (നിയമനിർമ്മാണ) കമ്മീഷൻ മലയാളത്തിൽ പരിഭാഷപ്പെടുത്തിയിട്ടുള്ളതും, ആയതിന്റെ മലയാള പരിഭാഷയും അതിന്റെ ഗ്ലോസറിയും 2023 സെപ്റ്റംബർ 25-ാം തീയതിയിൽ ന്യൂഡൽഹിയിൽ വച്ച് ചേർന്ന കേന്ദ്ര ഔദ്യോഗിക ഭാഷ വിംഗിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അംഗീകരിച്ചിട്ടുള്ളതുമാണെന്നും നിലവിൽ ടി ആക്റ്റിന്റെ

സൈൻ മാന്വൽ അടിയന്തരമായി പ്രിന്റ് ചെയ്ത് നൽകുവാൻ ഗവ. പ്രസ്സ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുള്ളതും പ്രസ്തുത സൈൻ മാന്വൽ സർക്കാർ പ്രസ്സിൽ നിന്നും പ്രിന്റ് ചെയ്ത് ലഭിക്കുന്ന മുറയ്ക്ക് ബഹു. രാഷ്ട്രപതിയുടെ അംഗീകാരത്തിനായി അയക്കുന്നതുമാണ്. ബഹു. രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് കേന്ദ്ര ഗസറ്റിൽ ടി ആക്റ്റ് പ്രസിദ്ധീകരിക്കുന്നതും തുടർന്ന് പുസ്തക രൂപത്തിൽ അച്ചടിച്ച് പൊതുജനങ്ങൾക്കായി കമ്മീഷന്റെ വില്പന വിഭാഗം വഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണെന്നും അറിയിച്ചിരിക്കുന്നു.

പ്രസ്തുത മറുപടി 29.11.2024-ലെ യോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തിരുവനന്തപുരം
24.03.2025

മാത്യു ടി. തോമസ്,
അദ്ധ്യക്ഷൻ
ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി

# അനുബന്ധം I

## (എ) സമിതി റിപ്പോർട്ട് കാലയളവിൽ ചേർന്ന യോഗങ്ങളുടെ എണ്ണം

| നിയമസഭാ സമുച്ചയം (തീയതി) | ജില്ലാതലം | സംസ്ഥാനതലം | ആകെ |
|---|---|---|---|
| 12.01.2023 | | | |
| 18.01.2023 | | | |
| 07.02.2023 | | | |
| 04.04.2023 | | | 18 |
| 09.05.2023 | | | |
| 07.06.2023 | | | |
| 23.06.2023 | | | |
| 03.07.2023 | | | |
| 24.07.2023 | | | |
| 22.08.2023 | | | |
| 20.10.2023 | | | |
| 18.12.2023 | | | |
| 16.01.2024 | | | |
| 20.03.2024 | | | |
| 23.05.2024 | | | |
| 08.07.2024 | | | |
| 23.07.2024 | | | |
| 29.11.2024 | | | |

# അനുബന്ധം II

## (ബി) സമിതി യോഗങ്ങളിൽ ഹാജരായ അംഗങ്ങളും പരിഗണിച്ച വിഷയങ്ങളും

| ക്രമ നമ്പർ | യോഗ തീയതി | ഹാജരായ അംഗങ്ങളുടെ പേര് | സമിതി പരിഗണിച്ച വിഷയങ്ങളുടെ സംക്ഷിപ്തം |
|---|---|---|---|
| 1. | 12.01.2023 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. എ. പ്രഭാകരൻ<br>ശ്രീ. സനീഷ്കുമാർ ജോസഫ്<br>ശ്രീ. ടി. സിദ്ദിഖ് | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |
| 2. | 18.01.2023 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. വി. ജോയി<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. നജീബ് കാന്തപുരം<br>ശ്രീ. കെ. പ്രേംകുമാർ<br>ശ്രീ. ടി. സിദ്ദിഖ് | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |
| 3. | 07.02.2023 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. പി. വി. അൻവർ<br>ശ്രീ. വി. ജോയി<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. എ. പ്രഭാകരൻ<br>ശ്രീ. കെ. പ്രേംകുമാർ<br>ശ്രീ. സനീഷ്കുമാർ ജോസഫ്<br>ശ്രീ. ടി. സിദ്ദിഖ് | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| 4. | 04.04.2023 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. നജീബ് കാന്തപുരം<br>ശ്രീ. എ. പ്രഭാകരൻ | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |
| 5. | 09.05.2023 | ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. നജീബ് കാന്തപുരം<br>ശ്രീ. എ. പ്രഭാകരൻ<br>ശ്രീ. കെ. പ്രേംകുമാർ | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |
| 6. | 07.06.2023 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. വി. ജോയി<br>ശ്രീ. നജീബ് കാന്തപുരം<br>ശ്രീ. കെ. പ്രേംകുമാർ<br>ശ്രീ. സനീഷ്കുമാർ ജോസഫ്<br>ശ്രീ. ടി. സിദ്ദിഖ് | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |
| 7. | 23.06.2023 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. വി. ജോയി<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. നജീബ് കാന്തപുരം<br>ശ്രീ. കെ. പ്രേംകുമാർ | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |

| | | | |
|---|---|---|---|
| 8. | 03.07.2023 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. വി. ജോയി<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. നജീബ് കാന്തപുരം<br>ശ്രീ. കെ. പ്രേംകുമാർ | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |
| 9. | 24.07.2023 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. വി. ജോയി<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. കെ. പ്രേംകുമാർ<br>ശ്രീ. ടി. സിദ്ദിഖ് | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23) 2021 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. |
| 10. | 22.08.2023 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. പി. വി. അൻവർ<br>ശ്രീ. വി. ജോയി<br>ശ്രീ. നജീബ് കാന്തപുരം | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |
| 11. | 20.10.2023 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. വി. ജോയി<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. നജീബ് കാന്തപുരം<br>ശ്രീ. കെ. പ്രേംകുമാർ<br>ശ്രീ. ടി. സിദ്ദിഖ് | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |

| | | | |
|---|---|---|---|
| 12. | 18.12.2023 | ശ്രീ. വി. ജോയി<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. നജീബ് കാന്തപുരം | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |
| 13. | 16.01.2024 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. വി. ജോയി<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. നജീബ് കാന്തപുരം | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |
| 14. | 20.03.2024 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. വി. ജോയി<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. കെ. പ്രേംകുമാർ<br>ശ്രീ. ടി. സിദ്ദിഖ് | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |
| 15. | 23.05.2024 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. നജീബ് കാന്തപുരം<br>ശ്രീ. കെ. പ്രേംകുമാർ | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |

| | | | |
|---|---|---|---|
| 16. | 08.07.2024 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. വി. ജോയി<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. നജീബ് കാന്തപുരം<br>ശ്രീ. എ. പ്രഭാകരൻ<br>ശ്രീ. കെ. പ്രേംകുമാർ<br>ശ്രീ. ടി. സിദ്ദിഖ് | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2023-26)യുടെ അഞ്ചാമത് റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. |
| 17. | 23.07.2024 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. വി. ജോയി<br>ശ്രീ. സി. സി. മുകുന്ദൻ<br>ശ്രീ. നജീബ് കാന്തപുരം<br>ശ്രീ. കെ. പ്രേംകുമാർ<br>ശ്രീ. ടി. സിദ്ദിഖ് | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |
| 18. | 29.11.2024 | ശ്രീ. മാത്യു ടി. തോമസ്<br>ശ്രീ. വി. ജോയി<br>ശ്രീ. സി. സി. മുകുന്ദൻ | വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചു |

## അനുബന്ധം III

### (സി) സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം.

| ക്രമ നം. | റിപ്പോർട്ട് നമ്പർ | വിഷയം | സമിതി അംഗീകരിച്ച തീയതി | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1. | സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് | 'ഔദ്യോഗികഭാഷ മലയാളമാക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതിയും അതിന് വിഘാതമാകുന്ന ഘടകങ്ങളും പ്രതിവിധികളും' എന്ന വിഷയം ആസ്പദമാക്കി ഭാഷാപണ്ഡിതർ, വിദ്യാഭ്യാസ വിചക്ഷണന്മാർ, മലയാളഭാഷയിലെ വിഖ്യാത എഴുത്തുകാർ, ചരിത്രകാരന്മാർ, സാംസ്കാരിക പ്രവർത്തകർ എന്നിവരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്. | 07.02.2023 | 27.02.2023 |
| 2. | സമിതി (2021-23)യുടെ നാലാമത് റിപ്പോർട്ട് | 2021 ജനുവരി 1 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്. | 24.07.2023 | 12.09.2023 |
| 3. | സമിതി (2023-26)യുടെ അഞ്ചാമത് റിപ്പോർട്ട് | 2022 ജനുവരി 1 മുതൽ 2022 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിഷയങ്ങളെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്. | 08.07.2024 | 10.07.2024 |

# അനുബന്ധം IV

## സർക്കാരിലേക്ക് അയച്ച പരാതികൾ, സർക്കാരിൽ നിന്നും റിപ്പോർട്ട് /അധികവിവരം ആരാഞ്ഞത് സംബന്ധിച്ചുള്ള വിവരങ്ങൾ

### പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 16283/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട്- തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | മറുപടി ലഭ്യമായിട്ടില്ല |
| 2 | 23564/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 18.11.2022 | പി.എസ്1/159/2022 – എസ്.സി.എസ്.റ്റി.ഡി.ഡി. 07.12.2022 |
| 3 | 3715/ഔ.ഭാ.സ 2/2017/ലെജി. | വിവിധ വകുപ്പുകളിൽ ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി ലക്ഷ്യമിട്ട് 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടികൾ സംബന്ധിച്ച് | 05.08.2017 | മറുപടി ലഭ്യമായിട്ടില്ല |
| 4 | 3343/ഔ.ഭാ.സ 2/2017/ലെജി. | വിവിധ വകുപ്പുകളിലെയും വകുപ്പിന് കീഴിലുള്ള ഉപവകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിലെയും ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി റിപ്പോർട്ട് - സംബന്ധിച്ച്. | 05.08.2017 | മറുപടി ലഭ്യമായിട്ടില്ല |

| | | | | |
|---|---|---|---|---|
| 5 | 16805/ഔ.ഭാ.സ 2/2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | പി.എസ്1/164/2023-എസ്.സി.എസ്.റ്റി.ഡി. |
| 6 | 3286/ഔ. ഭാ.സ 1/2017/ലെജി. | 30.06.2017 ലെ സമിതിയോഗ നിർദ്ദേശം സർക്കാർ ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച വിവിധ വകുപ്പുകളിൽ നിന്നുള്ള വിശദീകരണം | 20.07.2017 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 7 | 719/ഔ. ഭാ.സ 1/2018/ലെജി. | ഔദ്യോഗിക ഭാഷ സംബന്ധിച്ച് സമിതി (2016-19) യുടെ ഒന്നാമത് റിപ്പോർട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്. | 25.10.2023 | 20.12.2023 ലെ പി.എം.1/277/2023/ പ.ജ.പ.വി.വ. നമ്പർ കത്ത് |

## പരിസ്ഥിതി വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 16283/ഔ.ഭാ സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട്-തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 2 | 23564/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 18.07.2024 | ENVT-B1/297/2022-ENVT 29.11.2023 |
| 3 | 16805/ഔ.ഭാ.സ 2/2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | ENVT-B1/287/2023-ENVT 22.12.2023 |

## പാർലമെന്ററികാര്യ വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 23564/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 18.11.2022 | പിഎഡി-ബി1/93/2022-പിഎഡി 05.12.2022 |
| 2 | 16805/ഔ.ഭാ.സ 2/2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 16283/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട്- തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2 | 3343/ഔ.ഭാ.സ 2/2017/നി.സെ. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ 21.06.2017-ലെ യോഗനിർദേശം - വിവിധ വകുപ്പുകളിലെയും വകുപ്പുകളുടെ കീഴിലുള്ള ഉപവകുപ്പുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിലെയും ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി റിപ്പോർട്ട് - സംബന്ധിച്ച്. | 05.08.2017 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 3 | 853/ഔ.ഭാ.സ 2/2006/ലെജി. | സർക്കാർ വകുപ്പുകളിൽ നിന്നും ലഭ്യമാകുന്ന റിപ്പോർട്ടുകളിൽ മലയാളം തസ്തികമുദ്ര പതിപ്പിക്കണമെന്ന നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച് | 18.02.2021 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 4 | 16805/ഔ.ഭാ.സ 2/2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |

## പൊതുഭരണ വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 16283/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട്- തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2 | 23564/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 17.04.2024 | MW3/42/2023-GAD 04.07.2023 |
| 3 | 16805/ഔ.ഭാ.സ 2/2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 4 | 16750/ഔ.ഭാ.സ 1/2005/ലെജി. | കേരള സർക്കാരിന്റെ കാര്യനിർവ്വഹണ ചട്ടങ്ങൾ - ഭേദഗതികൾ ഉൾപ്പെടുത്തി അച്ചടിക്കുന്നത്- സംബന്ധിച്ച്, അധികവിവരം | 05.03.2022 | 28.04.2021 ലെ എസ്സ്.എസ്സ്. 3/88/2018/ പൊ. ഭ. വ. നമ്പർ കത്ത് |
| 5 | 3146/ഔ.ഭാ.സ 1/2012/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2011-14) യുടെ ഒന്നാമത് റിപ്പോർട്ടിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.<br>(ഖണ്ഡിക 2, 4, 9, 12, 15) | 16.04.2022 | 04.03.2014 ലെ 65675/സി. എ. എൻ1/13/പൊ. ഭ. വ. നമ്പർ കത്ത് |

| | | | | |
|---|---|---|---|---|
| | | (ഖണ്ഡിക 11) | 29.07.2024 | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പിന്റെ 17.05.2024 ലെ ഒ. എൽ4/21/2024/ പി&എആർഡി നമ്പർ കത്ത് |

## പൊതുമരാമത്ത് വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 16283/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട് - തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | മറുപടി ലഭ്യമായിട്ടില്ല |
| 2 | 3998/ഔ.ഭാ.സ 2/2019/ലെജി. | 10.01.2019 ലെ യോഗനിർദ്ദേശം - 2016-17, 2017-18, 2018-19 വർഷങ്ങളിൽ ഔദ്യോഗികഭാഷ പ്രയോഗ പുരോഗതിക്കായി അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച്. | 29.07.2019 | മറുപടി ലഭ്യമായിട്ടില്ല |
| 3 | 23564/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 18.11.2022 | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 4 | 3715/ഔ.ഭാ.സ 2/2017/ലെജി. | വിവിധ വകുപ്പുകളിൽ ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി ലക്ഷ്യമിട്ട് 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടികൾ സംബന്ധിച്ച് | 05.08.2017 | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 5 | 3343/ഔ.ഭാ.സ 2/2017/ലെജി. | വിവിധ വകുപ്പുകളിലെയും വകുപ്പിനു കീഴിലുള്ള ഉപവകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിലെയും ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി റിപ്പോർട്ട്-സംബന്ധിച്ച്. | 19.04.2023 | PWD-PS1/330/2017-PWD 04.09.2021 |
| 6 | 16805/ഔ.ഭാ.സ 2/2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 7 | 587/ഔ.ഭാ.സ 2/2015/ലെജി. | ജില്ലാതല ഔദ്യോഗികഭാഷാ സമിതികളുടെ പ്രവർത്തനം - വിവിധ വകുപ്പുകൾ ലഭ്യമാക്കിയ മറുപടി പരിഗണിക്കുന്നത് സംബന്ധിച്ച്. | 06.03.2015 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 8 | 6582/ഔ. ഭാ.സ 1/2018/ലെജി. | 2017 മേയ് 1നു ശേഷം ഇംഗ്ലീഷിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ 19.09.2018 ലെ യോഗനിർദ്ദേശങ്ങളിന്മേൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച് | 21.11.2018 | PWD/PS1/307/2017-PWD 12.12.2017 |

## പൊതുവിദ്യാഭ്യാസ വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 16283/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട്- തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2 | 3998/ഔ.ഭാ.സ 2/2019/ലെജി. | 10.01.2019 ലെ യോഗനിർദ്ദേശം - 2016-17, 2017-18, 2018-19 വർഷങ്ങളിൽ ഔദ്യോഗികഭാഷ പ്രയോഗ പുരോഗതിക്കായി അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച്. | 29.07.2019 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 3 | 23564/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 18.11.2022 | പി.എസ്1/139/2023-പൊ.വി.വ. 01.08.2023<br>പിഎസ്1/453/2022-പൊ.വി.വ 21.02.2023 |
| 4 | 3715/ഔ.ഭാ.സ 2/2017/ലെജി. | വിവിധ വകുപ്പുകളിൽ ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി ലക്ഷ്യമിട്ട് 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടികൾ സംബന്ധിച്ച് | 05.08.2017<br>13.08.2018 | മറുപടി ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 5 | 3343/ഔ.ഭാ.സ 2/2017/ലെജി. | വിവിധ വകുപ്പകളിലെയും വകുപ്പിന്റെ കീഴിലുള്ള ഉപവകുപ്പകൾ, സ്ഥാപനങ്ങൾ എന്നിവയിലെയും ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി റിപ്പോർട്ട്- സംബന്ധിച്ച്. | 05.08.2017 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 6 | 16805/ഔ.ഭാ.സ 2/2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 7 | 587/ഔ.ഭാ.സ 2/2015/ലെജി. | ജില്ലാതല ഔദ്യോഗികഭാഷാ സമിതികളുടെ പ്രവർത്തനം- വിവിധ വകുപ്പകൾ ലഭ്യമാക്കിയ മറുപടി പരിഗണിക്കുന്നത് സംബന്ധിച്ച്. | 06.03.2015 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 8 | 3146/ഔ. ഭാ.സ 1/2012/ലെജി | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2011-14)യുടെ ഒന്നാമത് റിപ്പോർട്ടിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.<br>(ഖണ്ഡിക 33) | 08.05.2013 | 05.06.2015 ലെ 4997/എൻ3/14/ പൊ. വി. നമ്പർ കത്ത് |
| 9 | 3286/ഔ. ഭാ.സ 1/2017/ലെജി | 30.06.2017 ലെ സമിതിയോഗ നിർദ്ദേശം സർക്കാർ ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച വിവിധ വകുപ്പകളിൽ നിന്നുള്ള വിശദീകരണം | 20.07.2017 | - |
| 10 | 600/ഔ. ഭാ.സ 1/2018/ലെജി. | സമിതി(2009-11)യുടെ മൂന്നാമത് റിപ്പോർട്ട് തുടർനടപടി സംബന്ധിച്ച് | 01.10.2018 | 45949/ജി3/2010/പൊ. വി.വ. 13.12.2010 |

| | | | | |
|---|---|---|---|---|
| 11 | 719/ഔ. ഭാ.സ 1/2018/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2016-19)യുടെ ഒന്നാമത് റിപ്പോർട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച്. | 04.06.2024 | 12.03.2023 ലെ ജെഎ 3/188/2023/ പൊ.വി.വ. |
| | | | 03.01.2018 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയുടെ 21.05.2018 ലെ ജി.എ& ഇ. എൽ.1/7289/2018 നമ്പർ കത്ത് |
| | | | 03.01.2018 | |
| | | | 03.01.2023 | 09.07.2018 ലെ 2123906/പി. എസ്./2018/പൊ.വി. വ. നമ്പർ കത്ത് |
| 12 | 6860/ഔ. ഭാ.സ 1/2018/ലെജി. | സമിതി(2016-19)യുടെ നാലാമത് റിപ്പോർട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് | 29.03.2019 | 02.04.2024 ലെ പി. എസ്1/29/2019 / പൊ. വി. വ. നമ്പർ കത്ത് |

## ന്യൂനപക്ഷക്ഷേമ വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 16283/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട്- തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | മറുപടി ലഭ്യമായിട്ടില്ല |
| 2 | 3998/ഔ.ഭാ.സ 2/2019/ലെജി. | 10.01.2019 ലെ യോഗനിർദ്ദേശം-2016-17, 2017-18, 2018-19 വർഷങ്ങളിൽ ഔദ്യോഗികഭാഷ പ്രയോഗ പുരോഗതിക്കായി അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച്. | 29.07.2019 | മറുപടി ലഭ്യമായിട്ടില്ല |
| 3 | 23564/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 18.11.2022 | മറുപടി ലഭ്യമായിട്ടില്ല |
| 4 | 3715/ഔ.ഭാ.സ 2/2017/ലെജി. | വിവിധ വകുപ്പുകളിൽ ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി ലക്ഷ്യമിട്ട് 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടികൾ സംബന്ധിച്ച് | 05.08.2017 | മറുപടി ലഭ്യമായിട്ടില്ല |
| 5 | 16805/ഔ.ഭാ.സ 2/2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |

# ദുരന്തനിവാരണ വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 16283/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട്- തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 11.03.2024 | ഡിഎംഎ 1/259/2022-ഡിഎംഡി 02.03.2023 |
| 2 | 11438/ഔ.ഭാ.സ 2/2021/ലെജി. | ദുരന്തനിവാരണ ഭരണ വിഭാഗത്തിൽ നിന്നുള്ള ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കണമെന്ന നിർദേശം വകുപ്പിന് നൽകുന്നത് സംബന്ധിച്ച് | 28.07.2021 | ഡി.എം.എ 3/406/2021-ഡി.എം.ഡി 15.09.2021 |
| 3 | 16805/ഔ.ഭാ.സ 2/2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | ഡി.എം.എ 2/424/2023-ഡി.എം.ഡി. |

## ധനകാര്യ വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 23564/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 18.07.2024 | അക്കൗണ്ട്സ്-ബി2/23/2023-ധന(2478736) 09.11.2023 |
| 2 | 15599/ഔ.ഭാ.സ 2/2023/ലെജി. | കേരളം പ്രവർത്തനമേഖലയായി തെരഞ്ഞെടുത്ത ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവ നൽകുന്ന രേഖകൾ മലയാളത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ. ബോബൻ മാട്ടുമന്ത സമർപ്പിച്ച ഹർജി സംബന്ധിച്ച് | 07.12.2024 | ഡി4/14/2024-ധന(2673631) 15.03.2024 |
| 3 | 6860/ഔ.ഭാ.സ 1/ 2018/ലെജി. | സമിതി(2016-19)യുടെ നാലാമത് റിപ്പോർട്ട് അനന്തര നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് | 20.06.2024 | ധനകാര്യ പി.എസ്-ബി2/10/2019-ധന നമ്പർ കത്ത് |

## നികുതി വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 23564/ഔ.ഭാ.സ 2/2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 17.04.2024 | ജെ3/390/2022-നി.വ 25.08.2023 |
| 2 | 823/ഔ. ഭാ.സ 1/2006/ലെജി. | ഭാഷാ മാറ്റ പുരോഗതി അറിയുവാൻ നികുതി വകുപ്പിൽ നിന്നും രേഖകൾ സമാഹരിക്കുന്നത് സംബന്ധിച്ച്. | 05.08.2024 | 15.09.2023 ലെ TAXES-H1/318/2017- TAXES നമ്പർ കത്ത് |

## നിയമ വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1 | 3343/ഔ.ഭാ.സ 2/2017/ലെജി. | വിവിധ വകുപ്പുകളിലെയും വകുപ്പിനു കീഴിലുള്ള ഉപവകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിലെയും ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി റിപ്പോർട്ട്-സംബന്ധിച്ച്. | 16.02.2024 | OLPC-2/3/2023-LAW 26.07.2023 |
| 2 | 16805/ഔ.ഭാ.സ 2/2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |

# റവന്യൂ വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1. | 16283/ഔ.ഭാ.സ 2/ 2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി(2021-23)യുടെ രണ്ടാമത് റിപ്പോർട്ട് - തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | മറുപടി ലഭ്യമായിട്ടില്ല |
| 2. | 23564/ഔ.ഭാ.സ 2/ 2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി(2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 28.02.2023 | REV-T2/11/2023-REV 14.02.2023 |
| 3. | 3715/ഔ.ഭാ.സ 2/ 2017/ലെജി. | വിവിധ വകുപ്പുകളിൽ ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി ലക്ഷ്യമിട്ട് 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടികൾ സംബന്ധിച്ച് | 13.08.2018 | 1770003/ജ2/17/റവ 25.10.2017<br><br>REV-G/405/2018-REV 10.10.2018 |
| 4. | 3146/ഔ.ഭാ.സ 1/ 2012/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി(2011-14)യുടെ ഒന്നാമത് റിപ്പോർട്ടിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച്.<br>(ഖണ്ഡിക 30) | 08.05.2013 | 21.11.2024 ലെ REVG2/211/2022-REV |
| 5. | 18188/ഔ.ഭാ.സ 1/ 2022/ലെജി. | സർക്കാർ സ്ഥാപനങ്ങളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്ന സർട്ടിഫിക്കറ്റുകൾ മലയാളത്തിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. കൃഷ്ണകുമാർ വർക്കല സമിതി മുമ്പാകെ സമർപ്പിച്ച ഹർജി. | 04.12.2023 | 10.07.2023 ലെ REV-T2/157/2023-REV നമ്പർ കത്ത് |

## ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1. | 16283/ഔ.ഭാ.സ 2/ 2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട് - തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2. | 23564/ഔ.ഭാ.സ 2/ 2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 18.11.2022 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 3. | 16805/ഔ.ഭാ.സ 2/ 2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 4. | 8468/ഔ.ഭാ.സ 1/ 2023/ലെജി. | ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലെ നടപടിക്രമങ്ങൾ മലയാളത്തിലാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് ശ്രീ. ഷൗഫൽ നവാസ് മലപ്പുറം സമർപ്പിച്ച ഹർജി | 13.09.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |

## ഭവനനിർമ്മാണ വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1. | 16283/ഔ.ഭാ.സ 2/ 2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട് - തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2. | 3998/ഔ.ഭാ.സ 2/ 2019/ലെജി. | 10.01.2019 ലെ യോഗനിർദ്ദേശം - 2016-17, 2017-18, 2018-19 വർഷങ്ങളിൽ ഔദ്യോഗികഭാഷ പ്രയോഗപുരോഗതിക്കായി അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച്. | 29.07.2019 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 3. | 23564/ഔ.ഭാ.സ 2/ 2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 17.04.2024 | HSG-A4/50/2022-HSG 24.08.2023 |
| 4. | 3715/ഔ.ഭാ.സ 2/ 2017/ലെജി. | വിവിധ വകുപ്പുകളിൽ ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി ലക്ഷ്യമിട്ട് 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടികൾ സംബന്ധിച്ച് | 05.08.2017 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 5. | 3343/ഔ.ഭാ.സ 2/ 2017/ലെജി. | വിവിധ വകുപ്പുകളിലെയും വകുപ്പിനു കീഴിലുള്ള ഉപവകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിലെയും ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി റിപ്പോർട്ട്- സംബന്ധിച്ച്. | 05.08.2017 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 6. | 16805/ഔ.ഭാ.സ 2/ 2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | HSG-A4/212/2023-HSG 10.01.2024 |
| 7. | 587/ഔ.ഭാ.സ 2/ 2015/ലെജി. | ജില്ലാതല ഔദ്യോഗികഭാഷാ സമിതികളുടെ പ്രവർത്തനം - വിവിധ വകുപ്പുകൾ ലഭ്യമാക്കിയ മറുപടി പരിഗണിക്കുന്നത് സംബന്ധിച്ച്. | 06.03.2015 | മറുപടി ലഭ്യമാക്കിയിട്ടില്ല |

## മത്സ്യബന്ധനതുറമുഖ വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1. | 16283/ഔ.ഭാ.സ 2/ 2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട് - തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2. | 23564/ഔ.ഭാ.സ 2/ 2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 18.11.2022 | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 3. | 3343/ഔ.ഭാ.സ 2/ 2017/ലെജി. | വിവിധ വകുപ്പുകളിലെയും വകുപ്പിനു കീഴിലുള്ള ഉപവകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിലെയും ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി റിപ്പോർട്ട്- സംബന്ധിച്ച്. | 05.08.2017 | റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല |
| 4. | 16805/ഔ.ഭാ. സ 2/2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | മറുപടി ലഭ്യമാക്കിയിട്ടില്ല |

## മൃഗസംരക്ഷണവും ക്ഷീരവികസനവും വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1. | 16283/ഔ.ഭാ.സ 2/ 2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട് - തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | മറുപടി ലഭ്യമാക്കിയിട്ടില്ല |

## വനംവന്യജീവി വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1. | 16283/ഔ.ഭാ.സ 2/ 2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട് - തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 2. | 23564/ഔ.ഭാ.സ 2/ 2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ ഒന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 17.04.2024 | വനം-പിഎസ്1/281/2022-വനം 14.06.2023 |
| 3. | 3715/ഔ.ഭാ.സ 2/ 2017/ലെജി. | വിവിധ വകുപ്പുകളിൽ ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി ലക്ഷ്യമിട്ട് 2016 വർഷം നടപ്പിലാക്കിയ കർമ്മപരിപാടികൾ സംബന്ധിച്ച് | 05.08.2017 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 4. | 3343/ഔ.ഭാ.സ 2/ 2017/ലെജി. | വിവിധ വകുപ്പുകളിലെയും വകുപ്പിനു കീഴിലുള്ള ഉപവകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിലെയും ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി റിപ്പോർട്ട്- സംബന്ധിച്ച്. | 05.08.2017 | മറുപടി ലഭ്യമാക്കിയിട്ടില്ല |
| 5. | 16805/ഔ.ഭാ.സ 2/ 2023/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ മൂന്നാമത് റിപ്പോർട്ട് - പൊതുനിർദേശങ്ങളിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച്. | 15.11.2023 | വനം-പി.എസ്1/200/2023-വനം 21.12.2023 |
| 6. | 587/ഔ.ഭാ.സ 2/ 2015/ലെജി. | ജില്ലാതല ഔദ്യോഗികഭാഷാ സമിതികളുടെ പ്രവർത്തനം- വിവിധ വകുപ്പുകൾ ലഭ്യമാക്കിയ മറുപടി പരിഗണിക്കുന്നത് സംബന്ധിച്ച്. | 06.03.2015 | മറുപടി ലഭ്യമാക്കിയിട്ടില്ല |

## വനിതാ ശിശു വികസന വകുപ്പ്

| ക്രമ നമ്പർ | ഫയൽ നമ്പർ | വിഷയം | സർക്കാരിലേക്ക് അയച്ച തീയതി | സർക്കാർ റഫറൻസ് നമ്പർ |
|---|---|---|---|---|
| 1. | 16283/ഔ.ഭാ.സ 2/ 2022/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതി (2021-23)യുടെ രണ്ടാമത് റിപ്പോർട്ട്- തുടർനടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | 14.07.2022 | ഡി2/51/2023-ഗതാ 28.01.2023 |
| 2. | 3343/ഔ.ഭാ.സ 2/ 2017/ലെജി. | ഔദ്യോഗികഭാഷ സംബന്ധിച്ച സമിതിയുടെ 21.06.2017-ലെ യോഗനിർദേശം - വിവിധ വകുപ്പുകളിലെയും വകുപ്പുകളുടെ കീഴിലുള്ള ഉപവകുപ്പുകൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയിലെയും ഔദ്യോഗികഭാഷാ പ്രയോഗപുരോഗതി റിപ്പോർട്ട് - സംബന്ധിച്ച്. | 05.08.2017 | മറുപടി ലഭ്യമാക്കിയിട്ടില്ല |
